

# CHURCH VOICE

C. S. I. MATEER MEMORIAL CHURCH

Vol. 12 No.11 Newsletter November 2014



"ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ;
അവരെ തടുക്കരുത്; സ്വർഗ്ഗരാജ്യം ഇങ്ങനെയുള്ളവരുടേതല്ലോ"
(മത്തായി 19:14)

## അഭിനന്ദനങ്ങൾ



മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറായി നിയമിതനായ **ഡി.പി. ശ്രീകുമാർ** (വാട്ട്സ് ലെയിൻ നന്തൻകോട്).
ഭാര്യ: ലത കെ.പി (ഗവ. പ്രസ്സ്). മകൻ: രാജ്കുമാർ (ഇഞ്ചിനീയർ, കെൽട്രോൺ).

### വാർഷിക കൺവെൻഷൻ

സെപ്റ്റംബർ 26 മുതൽ 28 വരെ വാർഷിക കൺവെൻഷൻ നടക്കുകയുണ്ടായി. ബ്രദർ ബാബു പുല്ലാട് (തിരുവല്ല) മുഖ്യപ്രസംഗകനായിരുന്നു. ഇതോടനുബന്ധിച്ച് സെപ്റ്റംബർ 27, ശനിയാഴ്ച **സഭയുടെ സുവിശേഷ ദൗത്യം** എന്ന വിഷയത്തെ ആസ്പദമാക്കി ഏകദിന സെമിനാർ സംഘടിപ്പിച്ചു.

### സീനിയർ സിറ്റിസൺസ് വാരം

സെപ്റ്റംബർ 28 മുതൽ ഒക്ടോബർ 5 വരെ സീനിയർ സിറ്റിസൺസ് വാരമായി ആചരിച്ചു. റവ. റ്റി. സെൽവരാജൻ ഉദ്ഘാടനം ചെയ്തു. ഒക്ടോബർ 5-ാം തീയതി നടന്ന സമാപനസമ്മേളനത്തിൽ ഡോ. ബിജു ജേക്കബ് (അക്കൗണ്ടന്റ് ജനറൽ, കേരള) മുഖ്യാതിഥിയായിരുന്നു.

### ടീനേജ് ക്യാമ്പ്

സി.ഇ.വൈ.എഫിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 1 മുതൽ 4 വരെ ശ്രീകാര്യം മരിയാ റാണി സെന്ററിൽ വച്ച് ടീനേജ് ക്യാമ്പ് സംഘടിപ്പിച്ചു. 50 ഓളം കുട്ടികൾ പങ്കെടുത്തു.

### Remembrance Day

നവംബർ രണ്ടാം തീയതി ഞായറാഴ്ച Remembrance Day ആയി ആചരിക്കുന്നു. അന്നേദിവസം വൈകുന്നേരം **5** മണിക്ക് സെമിത്തേരിയിൽ ഘോഷയാത്രയും പ്രത്യേക ആരാധനയും ഉണ്ടായിരിക്കുന്നതാണ്. എല്ലാ സഭാംഗങ്ങളും തങ്ങളുടെ പ്രിയപ്പെട്ടവരുടെ കല്ലറകൾ വൃത്തിയാക്കുകയും ഈ പ്രത്യേക ആരാധനയിൽ പങ്കെടുക്കേണ്ടതുമാണ്.

## വാർത്തകൾ

### പ്രത്യേക അറിയിപ്പ്

നമ്മുടെ സഭാംഗങ്ങളുടെ മൊബൈൽ നമ്പരിൽ മാറ്റമുണ്ടെങ്കിൽ ആ വിവരം ഉടൻ തന്നെ ചർച്ച് ഓഫീസിൽ അറിയിക്കേണ്ടതാണ്.

### ആദരിക്കുന്നു

ഡിസംബർ മാസം 7-ാം തീയതി ഞായറാഴ്ച നടക്കുന്ന **വാർഷിക സ്തോത്ര ആരാധന**യോടനുബന്ധിച്ച് സാമൂഹിക-ഔദ്യോഗിക മേഖലകളിൽ നേട്ടങ്ങൾ കൈവരിച്ചവരെയും വിവിധ ബോർഡ്/യൂണിവേഴ്സിറ്റി പരീക്ഷകളിൽ ഉന്നതവിജയം നേടിയവരെയും ആദരിക്കുന്നു. ഇതിന് അർഹരായ സഭാംഗങ്ങൾ തങ്ങളുടെ സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് **നവംബർ 10-ാം** തീയതിക്ക് മുമ്പായി ചർച്ച് ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. സർട്ടിഫിക്കറ്റിന്റെ പകർപ്പിന്റെ പുറകിൽ കുടുംബ നമ്പർ, മേൽവിലാസം, ഫോൺ നമ്പർ എന്നിവ രേഖപ്പെടുത്തേണ്ടതാണ്. അർഹരായവരുടെ പട്ടിക നവംബർ 23-ാം തീയതി ഞായറാഴ്ച നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുന്നതാണ്.

### വാർഷിക ലേലം 2014

ഈ വർഷത്തെ വാർഷികലേലം **ഡിസംബർ 13, 14** (ശനി, ഞായർ) തീയതികളിൽ നടക്കുന്നതാണ്. കൺവീനർ: വിജയ് വിൽസ്. (ഫോൺ: 944670 2064)

### സൺഡേ സ്കൂൾ വാർഷികം 2014

നവംബർ 23 ഞായറാഴ്ച വൈകുന്നേരം 5.30ന് സൺഡേസ്കൂൾ വാർഷികം നടക്കുന്നതാണ്. മുഖ്യാതിഥി: റവ. ജയരാജ്. സമ്മാനദാനം അന്നേദിവസം രാവിലെ 10 മണിക്ക് റ്റി.ജെ.എം. ഹാളിൽ വച്ച് നടക്കും.

# CHURCH VOICE

12th year of publication

NOVEMBER 2014



**CHIEF EDITOR**

Rev. T. Selvarajan

**EDITOR**

R. Sajan Samson

**SUB-EDITOR**

Manoj Kumar Ebenezer

**EDITORIAL BOARD**

Rev. C.R. Vincent
Rev. E. Sunin Spenzer
Dr. Christenson E. Sarasam
Adv. Sarjine Thomas

**CIRCULATION MANAGER**

Zaem Enock



**ADDRESS:**

The Editor
Church Voice
M.M. Church
L.M.S. Compound
Trivandrum - 695 033
Ph: 2311347

Articles / Feedback may be sent to :

churchvoice@gmail.com
before 15th of every month

Church Voice can be read online at our website

www.mateermemorialchurch.com


## CSI MATEER MEMORIAL CHURCH

### Regular Weekly Programme

| | | |
|---|---|---|
| | **Morning Worship (Monday to Saturday)** | 07.00 a.m |
| | Devotion Prayer (Monday to Saturday) | 07.30 a.m to 01.00 p.m |
| Sunday | Malayalam Service | 06.00 a.m |
| | Tamil Service | 07.00 a.m |
| | Malayalam Service | 08.30 a.m |
| | English Service | 10.30 a.m |
| | Malayalam Service | 04.15 p.m |
| | Sunday School | 09.30 a.m & 03.00 p.m |
| | Women's Fellowship | 10.00 a.m |
| | CEYF | 11.00 a.m |
| | BCL Union | 11.00 a.m |
| | JCF | 11.00 a.m |
| | Choir Practice | 11.00 a.m |
| | Young Family Fellowship | 05.30 p.m |
| | Praise and Worship (First Sunday) | 06.15 p.m |
| Monday | Bible Class | 05.30 p.m |
| | Vestry Prayer | 06.30 p.m |
| Tuesday | Circle Prayer (3 houses) | 06.30 p.m |
| | Vestry Prayer | 07.00 p.m |
| Wednesday | Gospel Band House Visit | 03.30 p.m |
| | Women's Fellowship | 04.30 p.m |
| Thursday | Senior Citizens' Fellowship | 04.30 p.m |
| | Worship & Witnessing Service | 06.15 p.m |
| Friday | Missionary Prayer Fellowship | 04.30 p.m |
| | Circle Prayer (3 houses) | 06.30 p.m |
| Saturday | Choir Practice | 05.00 p.m |
| | Preparation Service (First Saturday) | 07.00 p.m |

### Members of the Church Committee

| Name | Phone No. | Mobile |
|---|---|---|
| Rev. T. Selvarajan(President) | 2724658 | 9497017194 |
| Rev. C. R. Vincent (Presbyter) | 2316544 | 9446850066 |
| Rev. E. Sunin Spenzer (Presbyter) | 2316644 | 8547811284 |
| Dr. Christenson E. Sarasam (Secretary) | 2327722 | 9995100420 |
| Adv. Sarjine Thomas (Accountant) | 2435142 | 9847104775 |
| Mr. Y. Christudas | 2318213 | 9895114633 |
| Dr. S. G. Churchin Ben | 2315655 | 9447177666 |
| Dr. Arthur Jacob J. | 3215063 | 9447965063 |
| Dr. S. Satheesh | 2315232 | 9447104460 |
| Mr. T. Jayakumar Alfred | 2534781 | 9895110652 |
| Mr. R. Sajan Samson | 2555013 | 9447153170 |
| Er. Joshi Das Y.S. | 2315106 | 9446052121 |
| Mrs. Charlet Bai Robert Singh | 2436338 | 9495551064 |
| Mrs. Pushpa Madan | 2553247 | 9847215215 |
| Dr. John Sajit Edwin | 2326839 | 9847040490 |
| Church Office | 2311347 | |
| Mr. T. Rajeev (Sexton) | | 9895801012 |
| Mr. G. Wilson (Parish Asst.) | | 9447525339 |



## Be a Sunday School Booster

Some of my best times as a youngster in Church and Sunday School were in Sunday School. Sunday School was the highlight of my Christian experience back then!

Prov. 24:33-34 "A little sleep, a little slumber, a little folding of the hands to rest and poverty will come on you like a bandit...." Sleep can lead to laziness or in some cases, may be a sign of laziness. It can lead to poverty including spiritual poverty. Spiritual poverty means a person has nothing in his well. When your spiritual well is dry you'd better not have an emergency. Most people do what they want to do! If they want to get up early and go on a trip, etc., they just go do it. But when it comes to spiritual matters, it's a different matter.

Robert Raikes started the Sunday school program in England in 1780. He organized a Sunday School for the poor children of Gloucester, England. Before the passing of child labor laws in England, many children were working six days a week. The average work per day was from 12 to 16 hours. Robert Raikes and his friends wanted to do something to help children and the answer was to start a school on Sundays. They studied more than just the Bible.

### We need to be Sunday School Boosters in order to become Better People

One time a little boy was asked by a preacher if he ever went to Sunday School. He replied, "What for? I already know how to be a better boy than I am. "Most people know how to be better than they are, but they either don't know how to get better or else they don't want to be better than they are right now! Which are you? Don't know or don't care? Or perhaps both.

I realize that not everyone has the same talent or the same amount of energy, but we all can put more energy into the things we do!

Anyone can improve if they really want to improve. We can do more than we think we can, but only if the desire is present. If you don't want to improve at anything, you won't. It's as simple as that, but if you want to improve, you can.

II Pet. 3:18 "But grow in the grace and knowledge of our Lord and Savior Jesus Christ, to him be glory both now and forever! Amen." Peter is charging us to grow in our faith which is in Christ. We need to grow stronger in His grace or graciousness. We need to grow in our knowledge of Christ. To know Him is to love Him. We are not to stand still in our faith. We must always be improving, growing, stretching, changing, learning.

We need to grow a little new wood every year in order to grow a new and better spiritual nature! And one place where you can get some new wood (or new nature) is in Sunday School. I will guarantee you that if you get into a Sunday School class and get involved, study, prepare and participate, you will grow some new wood. We all need to be involved in a Sunday School in order to help us become better Christians.

**We need to be Sunday School Boosters in order to have Christian Fellowship**

Gal. 6:2 "Bear one another's burdens and so fulfill the law of Christ."Gal. 6:10 "Therefore, as we have opportunity, let us do good to all people, especially to those who belong to the family of believers."Rom. 12:10 "Be devoted to one another in brotherly love. Honor one another above yourselves."

These Scriptures speak very clearly of the need that we have for one another. We are to be helpful to one another. We need to share burdens and care for one another. We need to do good to one another as family members. Simply put and strongly meant: WE NEED ONE ANOTHER. We need fellowship with one another and Sunday School is a great place to get it. We all need direction, guidance, protection, and encouragement in life. A good place to get them is in Sunday School. But we are often so slow to give encouragement. We all need

to give more praise. When we see the good in one another, we need to praise or compliment that good.

People often die from lack of love and from lack of encouragement. WE NEED ONE ANOTHER. We need encouragement from one another! And one good place to give it is in Sunday School. Sunday School is the place for great fellowship, great praise, great encouragement. Through our fellowship in Sunday School we become cemented to one another in Christian love. Sunday School is the place to be.

**We need to be Sunday School Boosters in order to Learn God's Word**

Brothers and sisters, the sad truth is most of us are pretty ignorant when it comes to the Word of God. We know many things about many things, but not God's Word. II Tim. 2:15 "Do your best to present yourself to God as one approved, a workman who does not need to be ashamed and who correctly handles the word of truth."

In order to be approved workers in God's kingdom we must know the Word of God and handle it as correctly as possible. And Sunday School is the place to help us become more acquainted with God's Word. II Tim. 3:16-17 "All Scripture is God-breathed and is useful for teaching, rebuking, correcting and training in righteousness, so that the man of God may be thoroughly equipped for every good work."

The Church Is People! You Are The Church! The Church As A Whole Cannot Function, Grow, Minister, Evangelize, Or Educationalist Without You! You Need To Be A Church And Sunday School Attender And Booster!

1. **Sunday School Anniversary** will be held on 23.01.2014 and the prize distribution will be starting from 10.30 AM. The public function will be on the same day by 5.30 PM.
2. **The World Sunday school Celebration** will be on first Sunday of November.
3. **The Remembrance Day** of the church will be on 2nd November 2014 at the church cemetery at 5.00 pm.

4. Annual Sunday School oral examinations are on 9.11.2014 and written examination will be held on 16.11.2014.
5. The YFF outreach program will be on 3.11.14 at Bonacaud.
6. **CEYF Anniversary** will be on 16.11.14 at 6.PM.
7. The Sunday school Teachers retreat was held at Alapuzha on 22-10-2014.

With prayers and regards,

Yours in Christ,

**Rev. T. Selvarajan**
Presbyter-in-charge



# പ്രതിവാര ധ്യാനം

**നവംബർ, 2014**

നവംബർ 02, 2014 **അഖിലലോക സണ്ടേസ്കൂൾ ദിനം**
വിഷയം: **വിശ്വാസത്തിൽ പരിപോഷണം**
സദൃ: 23:15–26, സങ്കീ.127, എഫെ.6:10–18, മത്താ.18:1–6

നവംബർ 09, 2014 രണ്ടാം ഞായർ
വിഷയം: **കളിമൺ പാത്രങ്ങളിലെ നിധി**
മീഖ.6:1–8, സങ്കീ.106:112, 2.കൊരി.4:7–15, മർക്കൊ.4:26–29

നവംബർ 16, 2014 **പെൺകുട്ടികളുടെ ഞായർ**
വിഷയം: **പെൺകുട്ടികൾക്ക് ശോഭനമായ ഒരു ഭാവി ഉറപ്പാക്കൽ**
2.രാജാ.5:1–5, സങ്കീ.8, അ.പ്ര.12:11–17, മർക്കൊ.5:21–24, 35–43

നവംബർ 23, 2014 നാലാം ഞായർ
വിഷയം: **ദൈവരാജ്യത്തിനായി വെല്ലുവിളികൾ സ്വീകരിക്കുക**
1.ദിന.വൃ.24:1–19, സങ്കീ.115, എബ്രാ.5:1–10, ലൂക്കൊ.1:8–23

നവംബർ 30, 2014 അഞ്ചാം ഞായർ
വിഷയം: **ക്രിസ്തുവിന്റെ വരവിന് വേണ്ടിയുള്ള ആനന്ദപൂർണ്ണ പ്രതീക്ഷ**
യിരെമ.33:10–16, സങ്കീ.68:11–20, 1.തെസ്സ.3:6–13, ലൂക്കൊ.1:39–45



Dear friends in Christ,

**World Sunday School Day** celebrated globally falls on Sunday, 2nd November. 2014. The Bible records that God spoke to boy Samuel three times in one night (1 Samuel 3:1-21). Prophet Eli counsels him : "go, lie down, if He calls again say: speak Lord, for thy servant heareth". While offering advice to children to obey and honour their patents in Ephesians 6:1-4, Apostle Paul states : i) it is right ii) it is a commandment iii) it is the first of the commandment with a promise: a promise that gives expectation of long life and prosperity. May the Lord enable every child and parent to be vehicles of divine love and care towards spiritual maturity.

Our Church observes 2nd November as **Remembrance Day** and a special service is arranged in our Cemetery chapel at **5.00 pm** on that day. With a heart full of gratitude and praise we thank God for the manifestation of God's grace in the precious lives of our dear ones who are called to eternity and the love and concern we have enjoyed through their life on earth. We too will one day leave our temporary dwelling place and join the company of saints acquiring the celestial body which is eternal and immortal (2 Corinthians 5:1-10).

**Financial Assistance**

1. Medical Aid was granted to the mission worker at Koyilputhoor : Mr. Thankappan Rs.20000/- for cataract surgery.
2. Sanctioned Rs.57,000/- for the roofing work of Mr. Kunjumon of Plamood.

**Dedication of house built for Mr. Shine Mathew**

The house built by the Church for our Church member Mr. Shine Mathew spending Rs.4,75,000/- was dedicated by our Presbyter in Charge, Rev. T. Selvarajan on Sunday, 19th October, 2014.

**Endowments**

1) by Dr. Joshua A. Moses and Mr. Sara Moses - in memory of Mr. S. Moses and Mrs. Rajy Moses - Rs.5 lakhs - Educational assistance.
2) by Mrs. Jaya Rajan - in memory of Sam T. Vincent and Irin Dani Vincent - Rs.25000/- -House Maintenance.

## Orissa Relief Fund

The Orissa Relief Fund - used for Kothalam Project will be recouped and donated to Relief work & Church Construction at Khandamal - Orissa after obtaining details on the most deserving area from Bishop Naik of CNI Phulbani Diocese.

## Sunday Worship Services - Malayalam & English Service

The service timings of the Malayalam & English Sunday Worship services had been rearranged with effect from the first week of October 2014 as follows:

Commencement of Malayalam service : 8.30 am
Commencement of English service : 10.30 am

## MM Church Poor Aid Fund

The bye-laws for the CSI Mateer Memorial Church Poor Fund was approved and Poor Fund committee was constituted with the following members :

Presbyter in Charge and Pastors of the Church
Dr. S.G. Churchin Ben
Dr. S. Arthur Jacob (Convener)
Mrs. Pushpa Madan
Er. Joshi Das Y.S.
Church Secretary
Church Accountant
Convener, Finance Committee

## Panel of Church Organists

Prof. Mrs. Poovi Thankam, Pattom, Trivandrum is included in the panel of Organists of the Church.

## Co-convener for Carol Rounds 2014

Mr. Zaem Enock is assigned as the Co-convener of Carol rounds.

## Charity Fest

YFF raised an amount of Rs.3,38,150/- through Charity Fest and financial aid had been extended to deserving applicants.

## MM Church Cemetery Chapel

Former Deaconess Mrs. Grisilda Wills, Nanthencode has donated 25 chairs for use in our Cemetery Chapel.

## Obituary

The following Church members were called to eternal rest.
Mrs. Helen Azariah - 18/09/2014

Mr. Vinod V.S - 09/10/2014
Miss. Flora Rose - 09/10/2014
Mr. V.N. Rajan - 15/10/2014

Please take time to visit the bereaved family members and remember them in your continued prayers.

Yours in His Service,

**Dr. Christenson E. Sarasam**

YFF News

**Rev Ezra Harris Memorial**

## Family Bible Quiz 2014

Family Bible Quiz is an initiative of Young Family Fellowship to promote the study of Holy Bilble among families. 56 families registered for the quiz. The Bible portions - Exodus and Gospel according to Mathew - were announced 3 months back so that the families could spend some time together daily studying the Word of God. The Programme Convener for this event was Er Renjit Darwin.

There were 2 rounds for the quiz, a written preliminary and a final stage round. The preliminary round was conducted on 28th September at 2.30 pm. There were separate rounds for children.Some of the children performed so well that they were instrumental in bringing their families to the final rounds. Top 5 families from the prelims were selected for the final stage rounds.

The final stage round was conducted on 5th October at 11.30 am. Dr Manju Renjit Darwin an active member of YFF was the quiz master. There were rounds on traditional quizzing, rapid fire, buzzer, audiovisual and a separate round for children. The winners of the quiz are:

1st prize - Er. Joshi Das Y S , Er Anila Joshi, Aaron and Hannah
2nd prize - Mr Binu Johnson, Mrs Leena Binu, Tessa and Anna
3rd prize - Mr.C Vijayakumar, Mrs Preetha John, Anand and Rhea
4th prize - Er. Rini Anil, Daniel and Joel
5TH prize - Mrs Beena Joshraj & Joseena

The resource team for the quiz were Er.Ajith Sen, Er. Lal Jayakumar , Mr Praveen Titus and Er Priya Joy. The technical team were Er Salins Kumar, Er Jerry Daniel ,Er Joy H Jones and Er Arun Wilson, who introduced the new buzzer system for the quiz. The stage was arranged beautifully by Adv Rajkumar and Mr John Kingsley. Rev T Selvarajan , Rev C R Vincent and Rev Sunin Spencer gave their whole hearted support and cooperation throughout.

The event was recorded and telecasted by Harvest TV on 12th October. The Video is available on YouTube website for more people to watch and learn.

The sponsors of the event are Mr.Joseph Bose, Mr.Suresh Devarajan and Er.Jose H Jones, the grand children of Rev Ezra Harris who served SKD for more than 45 years.

I thank all the participants and the team behind this event on behalf of Young Family Fellowship.

**Dr.Sindhuja Suresh**, Secretary,
Young Family Fellowship

### അഖിലലോക സണ്ടേസ്കൂൾ ദിനം

# വിശ്വാസത്തിൽ പരിപോഷണം (Nurturing in Faith)

സദൃ.23:15-26; സങ്കീ.127; എഫെ.6:10-18; മത്താ.18:1-6

**റവ.ഡോ.ഡി. ജോൺ വിൻസ്‌ലോ**

(കെ.യു.റ്റി. സെമിനാരി, കണ്ണമ്മൂല)

> ***"മക്കൾ യഹോവ നൽകുന്ന അവകാശവും, ഉദരഫലം അവൻ തരുന്ന പ്രതിഫലവും തന്നെ" (സങ്കീ.127:3)***

"ക്രിസ്തീയ വിദ്യാഭ്യാസത്തിന്" വളരെ പ്രാധാന്യം നൽകുന്ന ഒരുമതമാണ് ക്രൈസ്തവമതം. ക്രിസ്തീയ വിദ്യാഭ്യാസത്തിലെ പ്രധാനഘടകം വചനം ജഡമായിത്തീർന്നു എന്നതാണ്. യേശുക്രിസ്തു ഒരു പ്രസംഗകൻ മാത്രമല്ല, അദ്ധ്യാപകൻ കൂടിയായിരന്നു. അപ്പൊസ്തലന്മാരും അദ്ധ്യാപനത്തിനു പ്രാധാന്യം കൊടുത്തു. പുതിയനിയമം ഉടലെടുക്കുന്നതുതന്നെ മുഖ്യമായും "പഠിപ്പിക്കുക" എന്ന ലക്ഷ്യം സാധിക്കുന്നതിനുവേണ്ടി ആയിരുന്നു. എബ്രായരെപ്പോലെതന്നെ ക്രൈസ്തവർക്കും കുടുംബമായിരുന്നു ആദ്യത്തെ വിദ്യാലയം. ആദിമ ക്രിസ്ത്യാനികൾ അവരുടെ ഉപദേശം പഠിപ്പിക്കുന്നതിനുള്ള സ്ഥലമായി സിനഗോഗും ഉപയോഗപ്പെടുത്തി. ഉപദേശത്തിനും പഠനത്തിനും ഒരേ സ്ഥാനമായിരുന്നു ആദിമസഭയിലുണ്ടായിരുന്നത്. ആദിമ സഭയിലെ നേതാക്കന്മാരെല്ലാം അദ്ധ്യാപകർ കൂടിയായിരുന്നു. ജാതികളിൽനിന്നു സ്നാനമേറ്റു സഭയോടുചേരുവാൻ താല്പര്യമുള്ളവരെ ക്രിസ്തീയവിശ്വാസങ്ങൾ അഭ്യസിപ്പിക്കേണ്ടത് ആവശ്യമായിവന്നു. അതിനുവേണ്ടി പ്രത്യേകം വിദ്യാലയങ്ങൾ തന്നെ തുറക്കപ്പെട്ടു. സ്നാനം ആഗ്രഹിക്കുന്നവർക്കു അവിടെ പ്രത്യേക പരിശീലനം നല്കിയിരുന്നു. സ്നാനമേറ്റു സഭയുടെ പൂർണ്ണ അംഗമായവർക്കു ചില കേന്ദ്രങ്ങളിൽ ആദിമസഭയുടെ അഭ്യസനം കൊടുത്തുവന്നു. ഉപരിപഠനത്തിനായി നടത്തിവന്ന ഇത്തരം സ്ഥാപനങ്ങളെ (Catechetial Schools) എന്നു പറയുന്നു. ക്ഷേത്രഗണിതം, വാനശാസ്ത്രം, തത്ത്വശാസ്ത്രം, ആദിയായ വിഷയങ്ങൾ മതവിശഷയങ്ങളോടു ചേർത്തു പഠിപ്പിച്ചു. ഇവയ്ക്കു ആധുനിക കാലത്തെ Theological Seminary (Colleges) നോടു ബന്ധമുണ്ട്. കാരണം തിരുവെഴുത്തുകൾ, ക്രൈസ്തവ പാരമ്പര്യം, ദൈവശാസ്ത്രം മുതലായവ ഇവിടെ പഠിപ്പിച്ചിരുന്നു. അലക്സാന്ത്ര്യ, അന്ത്യോഖ്യ ഇവയായിരുന്നു പ്രധാന സ്കൂളുകൾ. ഇവ ക്രൈസ്തവ സാഹിത്യത്തിന്റെയും ദൈവശാസ്ത്രത്തിന്റെയും കലവറയായിരുന്നു.

**ക്രിസ്തീയ വിദ്യാഭ്യാസ ശുശ്രൂഷ 8 മണ്ഡലങ്ങളെ സ്പർശിക്കുന്നു.**

1. ദൈവത്തോടുള്ള ബന്ധം, 2. ക്രിസ്തുവിനോടുള്ള ബന്ധം, 3. ക്രിസ്തുവിന്റേതുപോലുള്ള സ്വഭാവം, 4. നല്ല സമൂഹം, 5. സഭ, 6. ക്രിസ്തീയ കുടുംബം, 7. ക്രിസ്തീയ ജീവിത തത്ത്വശാസ്ത്രം, 8. ക്രിസ്തീയ പരമ്പരാഗതമായ അവകാശം.

സഭയുടെ ക്രിസ്തീയ വിദ്യാഭ്യാസ ശുശ്രൂഷകൊണ്ട് അർത്ഥമാക്കുന്നത്: തികഞ്ഞ പുരുഷത്വവും ക്രിസ്തുവിന്റെ സമ്പൂർണ്ണതയായ പ്രായത്തിന്റെ അളവും (എഫെ.4:12) ആണെന്നു മനസ്സിലാക്കാം. ആകയാൽ ദൈവസൃഷ്ടിയായ മനുഷ്യൻ തന്റെ മഹത്തായ കഴിവുകളെ മനസ്സിലാക്കി തന്നെ ക്രിസ്തുവിനു പ്രതിഷ്ഠിക്കുന്നതിനും, കുടുംബത്തോടും സഭയോടും ഇതര വ്യക്തികളോടും സമൂഹങ്ങളോടും ക്രിസ്തീയ ബന്ധം പുലർത്തുന്നതിനും, സമൂഹത്തോടുള്ള കർത്തവ്യം നിറവേറ്റുന്നതിനും ഓരോ വ്യക്തിയേയും ദൈവത്തിന്റെ സ്നേഹ ഭാജനമായി ദർശിക്കുന്നതിനും പ്രാപ്തിപ്പെടുത്തുകയാണ് സഭയുടെ ക്രിസ്തീയ വിദ്യാഭ്യാസ ശുശ്രൂഷയുടെ ലക്ഷ്യം.

ക്രിസ്തീയ സഭയുടെ പ്രാദേശികവും സാർവ്വദേശികവുമായ സേവനങ്ങളിൽ വിശ്വസ്തതയോടെ പങ്കെടുക്കുന്നതിനുള്ള ഉത്തേജനവും ക്രിസ്തീയവിദ്യാഭ്യാസ ശുശ്രൂഷയിലൂടെ ലഭിക്കണം. ക്രിസ്തീയ വിദ്യാഭ്യാസ ഞായർ അഖിലലോക സണ്ടേസ്കൂൾ ദിനമായി ആചരിക്കുമ്പോൾ ‘‘വിശ്വാസത്തിൽ പരിപോഷണം’’ എന്ന വിഷയം ഈ കാലഘട്ടത്തിൽ വളരെ പ്രസക്തമാണ്.

മത്തായി സുവിശേഷം 18:1-6 അടിസ്ഥാനമാക്കി ചിന്തിയ്ക്കാം. ശിഷ്യന്മാർ യേശുവിന്റെ അടുക്കൽവന്ന് സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും വലിയവൻ ആർ എന്നു ചോദിച്ചു. യേശു ഒരു ശിശുവിനെ അടുക്കെവിളിച്ചു അവരുടെ നടുവിൽ നിർത്തിയതിനുശേഷം പറയുന്നത് നിങ്ങൾ തിരിഞ്ഞു ശിശുക്കളെപ്പോലെ ആയി വരുന്നില്ലെങ്കിൽ സ്വർഗ്ഗരാജ്യത്തിൽ കടക്കയില്ല എന്നാണ്.

**1. ക്രിസ്തുശിഷ്യർ:ശിശുപ്രായത്തിലേയ്ക്കു മടങ്ങിപോകുക(മത്താ.18:3)**

ശിശുക്കൾ ദൈവത്തിന്റെ ദാനമാണ്. ശിശുക്കളെ യേശു കാണുന്നത് ദൈവരാജ്യത്തിലെ വലിയവർ എന്ന നിലയിലാണ്. ശിശുപ്രായം മനുഷ്യജീവിത്തിന്റെ പ്രാരംഭകാലഘട്ടത്തെ സൂചിപ്പിക്കുന്നു. ലോകത്തിന്റ തിന്മകളിൽ അകപ്പെടാത്ത ഒരു സമയം. ശിശുപ്രായം നിഷ്ക്കളങ്കതയുടെ പര്യായമാണ്. വലിപ്പചെറുപ്പങ്ങളില്ലാത്ത അവസ്ഥ. ‘‘ഏറ്റവും വലിയവർ ആര്’’ എന്ന ചോദ്യം വളരെ പ്രസക്തമാണ്. അതോടൊപ്പം ക്രിസ്തുശിഷ്യർ സ്ഥാന മാനങ്ങൾക്കുവേണ്ടി താത്പര്യം പ്രകടിപ്പിയ്ക്കുമ്പോൾ ക്രിസ്തു തന്റെ ശിഷ്യന്മാരോടു വളരെ ശക്തമായി ഊന്നൽ നൽകി പറയുന്നത്: നിങ്ങളുടെ ഇടയിൽ അങ്ങനെ അരുത്; നിങ്ങളിൽ മഹാൻ ആകുവാൻ ഇച്ഛിക്കുന്നവർ എല്ലാം നിങ്ങളുടെ ശുശ്രൂഷക്കാരൻ ആകണം; നിങ്ങളിൽ ഒന്നാമൻ ആകുവാൻ ഇച്ഛിക്കുന്നവൻ എല്ലാവർക്കും ദാസനാകണം. മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല, ശുശ്രൂഷിപ്പാനും അനേകർക്കുവേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനും അത്രെ വന്നത് (മർക്കോ.10:43-45). ക്രിസ്തുശിഷ്യർ, യേശുക്രിസ്തുവിലെ ശുശ്രൂഷയുടെ ഈ നവ ദർശനത്തിലേയ്ക്ക് മടങ്ങിപോകുക.

**2. സഭാനേതൃത്വം: ശിശുക്കളെ മാതൃകയാക്കുക (മത്താ.18:4)**

ശിശുക്കളെപ്പോലെ തന്നെത്താൻ താഴ്ത്തുന്നവർ സ്വർഗ്ഗരാജ്യത്തിൽ വലി

യവർ. ശിശുക്കളിൽ നാം കാണുന്ന താഴ്മയുടെ (Model) മാതൃക സ്വീകരിക്കുക. താഴ്മ, വിനയം, ക്ഷമ, ദയ, സ്നേഹം, പരോപകാരം തുടങ്ങിയ ആത്മാവിന്റെ വരങ്ങൾ സ്വീകരിയ്ക്കുക. അഹങ്കാരം, നിഗളം, അസൂയ, അഹംഭാവം, വിദ്വേഷം, പക, ഈർഷ്യ തുടങ്ങിയ ജഡീക സ്വഭാവങ്ങൾ ഉപേക്ഷിയ്ക്കുക. തന്നെതന്നെ താഴ്ത്തുക എന്നതിന്റെ അർത്ഥം നമുക്ക് ദർശിയ്ക്കുവാൻ കഴിയുന്നത് ക്രിസ്തുവിന്റെ ക്രൂശിൽ വെളിപ്പെട്ട ദൈവസ്നേഹത്തിലാണ്. അന്ത്യഅത്താഴ സമയത്ത് യേശു തുവർത്തെടുത്ത് അരയിൽ കെട്ടി ശിഷ്യന്മാരുടെ കാൽപാദങ്ങൾ കഴുകി. നിങ്ങളും ഈ മാതൃക അനുകരിയ്ക്കുക. അപ്പോൾ നിങ്ങൾ എന്റെ ശിഷ്യന്മാർ ആകും.

യേശുക്രിസ്തുവിന്റെ തന്നെത്താൻ താഴ്ത്തുന്ന മനോഭാവം സഭാനേതൃത്വത്തിന് അനുകരണീയമാണ്. ക്രിസ്തുവിന്റെ ഈ മാതൃകയല്ലാതെ സഭാനേതാക്കന്മാർക്ക്, സഭാശുശ്രൂഷയ്ക്ക് മറ്റൊരു മാതൃക ഇല്ല. ക്രിസ്തുവിന്റെ ഈ മാതൃക നമുക്ക് സ്വീകരിയ്ക്കാമോ?

### 3. ശിശുക്കളെ യേശുവിലുള്ള വിശ്വാസത്തിൽ പരിപോഷിപ്പിക്കുക (മത്താ. 18:6)

ക്രിസ്തുവിൽ വിശ്വസിക്കുന്ന ശിശുക്കൾക്ക് ഇടർച്ച വരുത്തരുത് എന്ന് യേശു ശിഷ്യന്മാരോടു ശക്തമായി പ്രഖ്യാപിക്കുന്നു. ശിശുക്കളെ ക്രിസ്തീയ വിശ്വാസത്തിൽ പരിപോഷപ്പിക്കുന്നതിൽ മാതാപിതാക്കൾക്കും, സഭയ്ക്കും, സണ്ടേസ്ക്കൂൾ പ്രസ്ഥാനത്തിനും ക്രിസ്തീയ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കും നിർണ്ണായകമായ പങ്ക് ഉണ്ട്.

Rev.W.V.Varghese ന്റെ അഭിപ്രായത്തിൽ സണ്ടേസ്ക്കൂളിന്റെ ലക്ഷ്യങ്ങൾ:

1. യേശുവിനോടുള്ള വ്യക്തിപരമായ ബന്ധത്തിലേയ്ക്ക് ഓരോ കുഞ്ഞിനേ യും നയിക്കുക.

2. ഒരു സണ്ടേസ്ക്കൂൾ വിദ്യാർത്ഥിയെ യേശുവിനായി പ്രതിഷ്ഠിക്കത്തക്കവണ്ണം തീരുമാനത്തിലേയ്ക്ക് നയിക്കുക.

3. ശിശുക്കളെ ക്രിസ്തുവിന്റെ സാക്ഷ്യം വഹിക്കുവാൻ പ്രാപ്തരാക്കുക.

ആധുനിക കാലഘട്ടത്തിൽ ശിശുക്കളുടെ (കുട്ടികളുടെ) വളർച്ചയിൽ ആദ്ധ്യാത്മിക അടിത്തറ ഉറപ്പിക്കാൻ ശ്രദ്ധിക്കാതെ തികഞ്ഞ ഭൗതിക ജീവിതം മാത്രം മതിയെന്ന് കരുതുന്ന മാതാപിതാക്കളും മുതിർന്നവരുടെ കാര്യത്തിൽ മാത്രം ശ്രദ്ധ അർപ്പിക്കുന്ന മതങ്ങളും കൂടി ഒരു തലമുറയെ സൃഷ്ടിച്ചിരിയ്ക്കുന്നു. ഇത്തരം ഒരു സാഹചര്യത്തിൽ ക്രിസ്തീയ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് വളരെ പ്രസക്തി ഉണ്ട്. ശിശുക്കളെ യേശുക്രിസ്തുവിലുള്ള വിശ്വാസത്തിൽ പരിപോഷിപ്പിച്ചു, ക്രിസ്തുവിന്റെ ശുശ്രൂഷയുടെ മഹനീയ മാതൃക സ്വീകരിച്ചു, തന്നെത്താൻ താഴ്ത്തുന്ന സ്വഭാവമുള്ളവരായി, നവലോക നിർമ്മിതിയിൽ നമുക്ക് പങ്കാളികളാകാം.

**ലേഖനം**

# കുട്ടികളും സണ്ടേസ്കൂളും

റ്റി. ജോർജ്ജ് ബഹനാൻ
(കൗൺസെലർ & തെറാപ്പിസ്റ്റ്)

'ബാലനെ നടക്കേണ്ടുന്ന വഴിയിൽ അഭ്യസിപ്പിക്ക. വൃദ്ധനായാലും അത് വിട്ടുമാറുകയില്ല' എന്ന വാക്യം ആലങ്കാരികമായി നാം പലയിടത്തും ഉപയോഗിക്കാറുണ്ട്. പക്ഷേ അതിന്റെ അർത്ഥവ്യാപ്തിയും ആഴവും വളരെയേറെയാണ്. ഈ വാക്കുകളുടെ, ആത്മീയവും മന:ശ്ശാസ്ത്രപരവുമായ ആഴവും, പരപ്പും, ശക്തിയും ഓരോ ക്രിസ്ത്യാനിയും പഠിക്കേണ്ടതാണ്. കുട്ടികളെ ക്രിസ്തീയ വിശ്വാസത്തിൽ ഉറപ്പിക്കേണ്ടതിന്റെ ആവശ്യവുമായി ബന്ധപ്പെട്ടാണ് നമ്മൾ മുകളിൽപ്പറഞ്ഞ വാക്യം വല്ലപ്പോഴും അശ്രദ്ധമായി ഉപയോഗിക്കാറുള്ളത്!!

ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം മൂന്ന് പ്രധാനപ്പെട്ട സമയങ്ങൾ span of life - 1-7-14-21 ആണ്. ഇതിന്റെ ഏറ്റവും പ്രധാനം 1 വയസ്സ് മുതൽ 7 വയസ്സ് വരെയും, 7 മുതൽ 14 വരെയുമാണ്. ഇതിനെ vulnerable time എന്നാണ് മന:ശ്ശാസ്ത്രജ്ഞന്മാർ പറയുന്നത്. ഈ പ്രായത്തിൽ നമുക്ക് കുട്ടികളെ എന്തും പഠിപ്പിക്കാം. അവർ ചോദ്യം ചെയ്യാതെ അത് പഠിക്കും. ആ പ്രായത്തിൽ കുട്ടികൾ മെഴുകു പോലെയാണ്. ഏത് രൂപവും അവർക്ക് കൊടുക്കാം. അവർ കമ്പ്യൂട്ടർ പോലെയാണ്. എന്തും ഫീഡ് ചെയ്യാം. ചോദ്യം ചെയ്യാൻ ശ്രമിക്കാതെ അവർ എല്ലാം സ്വായത്തമാക്കും. തെറ്റ് - ശരി തിരിച്ചറിയാൻ വയ്യാത്ത പ്രായം, അല്ലെങ്കിൽ അതിന് ശ്രമിക്കാത്ത പ്രായം. ഇവിടെ നാം എന്ത് പഠിപ്പിക്കുന്നോ, അത് അവർ പഠിച്ചെടുക്കും. ഏത് നന്മയും, ഏത് തിന്മയും ചോദ്യം ചെയ്യാതെ അവർ ശീലമാക്കും.

അതുകൊണ്ട് കുട്ടികളെ പരിശീലിപ്പിക്കാൻ ഏറ്റവും പറ്റിയ പ്രായം ഇതാണ്. ആ പ്രായത്തിൽ അവന് കിട്ടുന്ന ശീലം ആഴത്തിൽ അവന്റെ മനസ്സിൽ പതിയും. അതുപോലെ ആ പ്രായത്തിൽ ഉണ്ടാകുന്ന സംഭവങ്ങളും അവന്റെ മനസ്സിൽ ആഴത്തിൽ പതിയുന്നതുമാണ്. ഈ പ്രായത്തിൽ അവന്റെ ജീവിതത്തിൽ സംഭവിക്കുന്ന എല്ലാ നെഗറ്റീവ് ആയിട്ടുള്ള കാര്യങ്ങളും അവന്റെ ഉപബോധ മനസ്സിൽ വേരുറയ്ക്കും. ഇതു ഭാവിയിൽ അവർക്ക് പ്രശ്നങ്ങൾ ഉണ്ടാക്കും. അതേസമയം, അവന്റെ ജീവിതത്തിൽ ശുഭാപ്തിദായകമായ സംഭവങ്ങളും അവന്റെ മനസ്സിൽ വേരുറയ്ക്കും. ഇതു ഭാവിയിൽ അവർക്ക് മാനസികാരോഗ്യം ഉണ്ടാക്കും.

ഇവിടെയാണ് സണ്ടേസ്കൂളിന്റെ പ്രാധാന്യം. ക്രിസ്തീയ വിശ്വാസവും ദൈവവചനങ്ങളും ഇളംമനസ്സുകളിൽ രൂഢമൂലമാകാൻ പറ്റിയ സാഹചര്യം സണ്ടേസ്കൂളാണ്. കൂറേ വാക്യങ്ങൾ കാണാതെ പഠിച്ച് സമ്മാനം വാങ്ങാനും, ബൈബിൾ പരീക്ഷയിൽ റാങ്ക് വാങ്ങിക്കാനും മാത്രമല്ല സണ്ടേസ്കൂൾ എന്ന് മാതാപിതാക്കളും അദ്ധ്യാപകരും ആഴത്തിൽ മനസ്സിലാക്കണം. വേദപുസ്തക

പഠനത്തിലൂടെ കർത്താവിനെ അറിയുകയും, വിശ്വാസത്തിൽ ഉറയ്ക്കുകയും ചെയ്യുക എന്നുള്ളതാണ് സണ്ടേസ്കൂളിന്റെ പ്രഥമവും പ്രധാനവുമായ ഉദ്ദേശം. ഈ വിശ്വാസം എത്രയും ചെറുപ്പത്തിൽ കിട്ടുന്നുവോ അത്രയും ആ വിശ്വാസത്തിന് ആഴവും ശക്തിയും കൂടും. അതുകൊണ്ട് ശൈശവും ബാല്യവും ഒരിക്കലും തിരസ്ക്കരിക്കാൻ പാടില്ല. പ്രത്യുത അതീവ ഗൗരവത്തോടെ കൈകാര്യം ചെയ്യേണ്ടതാണ്. പക്ഷേ മാതാപിതാക്കൾക്ക് ഈ കാര്യത്തിൽ തികഞ്ഞ അജ്ഞതയുണ്ടെന്നുള്ള കാര്യം കൗമാരക്കാരുടെ പ്രശ്നം കൈകാര്യം ചെയ്യുമ്പോൾ അറിയാൻ കഴിയും.

വിശ്വാസത്തിന്റെ തായ്വേരുകൾ ബാലമനസ്സുകളിൽ ഇറങ്ങണം. തായ്വേരില്ലാത്തവർ നാമമാത്ര ക്രിസ്ത്യാനികളാകും. ജോൺ സ്റ്റോട്ട് പറയുന്നു: Nominal Christians will become non christians one day. അതാണ് നമ്മുടെ സഭകളിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്. നമ്മുടെ സഭകളിൽ ഭൂരിഭാഗവും നാമമാത്ര ക്രിസ്ത്യാനികളാണ്. അതാണ് നമ്മുടെ സഭകളെ വികലമാക്കുന്നത്.

ഒരു സഭയുടെ ഏറ്റവും പ്രധാനപ്പെട്ട അവയവമാണ് സണ്ടേസ്കൂൾ. പക്ഷേ പല സഭകളിലും സണ്ടേസ്കൂൾ ക്ലാസ്സുകൾ ഒരു പ്രഹസനമായി മാറുന്നത് കണ്ടിട്ടുണ്ട്. ഇത്തരം സഭകൾ ഭാവിയിൽ ശൂന്യമാകും. പാശ്ചാത്യ രാജ്യത്ത് പല പള്ളികളും പൂട്ടിക്കിടക്കാൻ കാരണം ഇതാണ്. 'Sunday School is the outline of what Church will be tomorrow' എന്ന് ജെ.ബി. ചാപ്മാൻ പറഞ്ഞിട്ടുണ്ട്.

Sunday School is the
- Reaching arm of the Church
- Teaching arm of the Church
- Winning arm of the Church
- Caring arm of the Church

അതുകൊണ്ട് സണ്ടേസ്കൂളിനെപ്പറ്റി പുതിയ ദർശനങ്ങൾ നമ്മുടെയുള്ളിൽ ഉണ്ടാകട്ടേ എന്ന് പ്രാർത്ഥിക്കുന്നു.

## EVENTS upto 16-10-2014

### Baptism

| Sl. No | Family No | Name | Date of Baptism |
|---|---|---|---|
| 1 | 1904 | Mr.Mark Thomas Sarasam | 28-09-2014 |
| 2 | 1998 | Ms.Kezia J Grace | 12-10-2014 |

### We welcome these new families joined by Marriage

| Sl No | Family No | Name | Date of Marriage |
|---|---|---|---|
| 1 | 2101 | Mr.Ajith D T, Mrs.Sweety M R | 15-09-2014 |

# മാറ്റാം; മാറ്റിവയ്ക്കുന്ന ശീലം

**ജോബിൻ എസ്. കൊട്ടാരം**

ജുറാസിക് പാർക്ക്, ടൈറ്റാനിക്, അവതാർ തുടങ്ങിയ സിനിമകൾ ലോകത്തിലെ ഏറ്റവും വലിയ പണംവാരി ചിത്രങ്ങളാണ്. ഈ സിനിമകൾ നേടിയ മൊത്തം വരുമാനത്തേക്കാൾ വരുമാനം നേടിയ ഒരു പുസ്തകമുണ്ട്. സ്റ്റീഫർ ആർ. കോവെയുടെ '**ദ സെവൻ ഹാബിറ്റ്സ് ഓഫ് ഹൈലി ഇഫക്ടീവ് പീപ്പിൾ**' എന്ന പുസ്തകമാണിത്. ഈ പുസ്തകത്തിൽ അദ്ദേഹം വരച്ചുകാട്ടുന്ന ഒന്നാമത്തെ ഹാബിറ്റാണ് മുൻകൂട്ടി മനസിലാക്കി കാര്യങ്ങൾ ചെയ്യുവാനുള്ള ശീലം. നാളെകളിൽ സംഭവിക്കുവാൻ സാധ്യതയുള്ള മാറ്റം, അത് ജോലിയിലായാലും ജീവിതത്തിലായാലും മുൻകൂട്ടി മനസിലാക്കി വേണ്ട തീരുമാനം എടുക്കുവാനുള്ള കഴിവിനെയാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. എന്നാൽ നിത്യജീവിതത്തിൽ ചെയ്യേണ്ട കാര്യങ്ങൾ പോലും ചെയ്യാതെ കാര്യങ്ങൾ മാറ്റി മാറ്റി വയ്ക്കുന്ന ശീലമുള്ള ആളുകൾ നമ്മുടെയിടയിൽ ധാരാളമുണ്ട്. പലപ്പോഴും അത് നിങ്ങൾ തന്നെയാകാം. ഇതുകൊണ്ട് എന്താണ് നഷ്ടം എന്ന് ഒരുപക്ഷേ നിങ്ങൾ ചോദിച്ചേക്കാം. നമുക്ക് സ്വന്തമാക്കുവാൻ സാധിക്കുന്ന പല നേട്ടങ്ങളുമാണ് ഈ ഒരു ന്യൂനതമൂലം നമുക്ക് നഷ്ടമാകുന്നത്.

പഠിക്കുന്ന വിദ്യാർത്ഥിമുതൽ പ്രഫഷനൽ രംഗങ്ങളിൽ ജോലി ചെയ്യുന്ന വ്യക്തികളെ വരെ കാര്യങ്ങൾ മാറ്റിവയ്ക്കുക എന്ന ശീലം ദോഷകരമായി ബാധിക്കുന്നുണ്ട്. ഇതിനെ നേരിടുവാനുള്ള ഏതാനും മാർഗ്ഗങ്ങളാണ് ഇനി പറയുന്നത്.

1. **നിങ്ങളുടെ ജോലി പലഭാഗങ്ങളായി വിഭജിക്കുക**

പലരും കാര്യങ്ങൾ മാറ്റിവയ്ക്കാനുള്ള ഒരു പ്രധാന കാരണം കാര്യങ്ങൾ കൂടുതൽ ചെയ്തു തീർക്കേണ്ടതുണ്ട് എന്ന തോന്നലുള്ളതുകൊണ്ടാണ്. ചെയ്തു തീർക്കേണ്ട ജോലിയെ പലഭാഗങ്ങളായി വിഭജിക്കുക. അതിനുശേഷം ഒരു ഭാഗം മാത്രം ചെയ്തു തീർക്കുന്നതിൽ ശ്രദ്ധിക്കുക. ഇത് ജോലിഭാരം ലഘൂകരിക്കുന്നതിനും കുറച്ചേ ചെയ്തുവുള്ളൂവെങ്കിലും ഭംഗിയായി ചെയ്യുന്നതിനും നമ്മെ സഹായിക്കുന്നു.

ഉദാഹരണത്തിന് ഏതെങ്കിലുമൊരു വിഷയം പഠിക്കാനിരിക്കുമ്പോൾ ഒരുപാട് പഠിക്കാനുണ്ട് എന്ന തോന്നൽ പഠനത്തിൽ നിന്നും നമ്മെ പിന്തിരിപ്പിക്കും. എന്നാൽ ഒരു ഭാഗം മാത്രം തിരഞ്ഞെടുത്ത് പഠിക്കുകയാണെ ങ്കിൽ പഠനം മാറ്റിവയ്ക്കുവാനുള്ള സാധ്യത കുറവായിരിക്കും.

2. **ചുറ്റുപാടുകളെ പനഃക്രമീകരിക്കുക.**

വ്യത്യസ്ത ചുറ്റുപാടുകൾക്ക് നമ്മെ വ്യത്യസ്തമായ രീതിയിൽ സ്വാധീനിക്കുവാൻ സാധിക്കും. ചില ചുറ്റുപാടുകൾ പഠിക്കാനും, ജോലി

ചെയ്യുവാനുമൊക്കെ നമ്മെ പ്രേരിപ്പിക്കും. മറ്റുചില ചുറ്റുപാടുകൾ കാണുമ്പോൾ തന്നെ ഉറങ്ങാനോ, വിശ്രമിക്കാനോ ഒക്കെയായിരിക്കും നമുക്ക് തോന്നുക. പഠിക്കുവാനോ ജോലിചെയ്യുവാനോ ഒരിടം നിങ്ങൾക്കുണ്ടാകണം. ആ സ്ഥലം കാണുമ്പോൾ തന്നെ നമ്മുടെ ഉപബോധമനസ് നമ്മെ ബന്ധിപ്പിക്കുന്നത് പഠനമോ, ജോലിയോ ആയിട്ടായിരിക്കണം. അലങ്കോലമായിക്കിടക്കുന്ന ഒരു സ്ഥലം കാണുമ്പോൾ തന്നെ പഠനവും ജോലിയുമൊക്കെ പിന്നത്തേക്ക് മാറ്റി വയ്ക്കാനായിരിക്കും തോന്നുന്നത്.

3. **സമയബന്ധിതമായി കാര്യങ്ങൾ ചെയ്യുക.**

ഓരോ കാര്യവും ചെയ്തു തീർക്കുന്നതിന് സമയപരിധി നിശ്ചയിക്കുക. ഓരോ കാര്യങ്ങളും പല ഭാഗങ്ങളായി തിരിച്ച് ഓരോന്നും ചെയ്തു തീർക്കുന്നതിന് സമയം നിശ്ചയിക്കുക. ലക്ഷ്യങ്ങളെ മാസത്തിലും, ആഴ്ചയിലും, ദിവസത്തിലും ചെയ്തു തീർക്കേണ്ടവയെന്ന് വേർതിരിക്കുക. അനായാസേന കാര്യങ്ങൾ ചെയ്തു തീർക്കുന്നതിന് ഇത് നിങ്ങളെ സഹായിക്കും.

4. **സമയം അപഹരിക്കുന്നവയെ കണ്ടെത്തുക.**

പലയാളുകളും കാര്യങ്ങൾ മാറ്റിവയ്ക്കുന്നതിനുള്ള ഒരു പ്രധാനകാരണം സമയമില്ല എന്നുള്ള ന്യായീകരണം പറഞ്ഞാണ്. നിങ്ങളുടെ വിലപ്പെട്ട സമയം അപഹരിക്കുന്നവയെന്തെന്നു കണ്ടെത്തുക. ഫേസ്ബുക്ക്, ചാറ്റിംഗ്, ദീർഘമായ പത്രം വായന, ടി.വി., ദീർഘമായ ടെലിഫോൺ കോളുകൾ അങ്ങനെ നിരവധി കാര്യങ്ങൾ ഒരുപക്ഷേ നിങ്ങളുടെ സമയം അപഹരിക്കുന്നുണ്ടാവാം. അവയെ നിയന്ത്രിക്കുകയാണ് പ്രധാനപോംവഴി. തന്മൂലം കൂടുതൽ സമയം ക്രിയാത്മകമായി വിനിയോഗിക്കുവാൻ നിങ്ങൾക്കാവും.

5. **നിങ്ങളെ പ്രചോദിപ്പിക്കുന്നവരുമായി സമയം ചെലവിടുക.**

ബിൽഗേറ്റ്സിനോടൊപ്പമോ, നാരായണമൂർത്തിക്കൊപ്പമോ 10 മിനിട്ട് ചിലവിട്ടാൽ വെറുതെയിരിക്കുവാൻ ഒരിക്കലും നിങ്ങൾക്ക് തോന്നില്ല. ഒരുപക്ഷേ ഇവരോടൊപ്പം നേരിട്ട് സമയം ചെലവഴിക്കുവാൻ നമുക്കായെന്നു വരില്ല. അതുകൊണ്ട് ഇവരുടെ പുസ്തകങ്ങൾ വായിക്കുന്നത് നമ്മെ പ്രചോദിപ്പിക്കും. ചില നല്ല സുഹൃത്തുക്കളോടൊപ്പമോ, അധ്യാപകർക്കൊപ്പമോ സമയം ചിലവിട്ടാൽ മികച്ച പ്രകടനത്തിന് അവർ നമ്മെ പ്രചോദിപ്പിച്ചുകൊണ്ടിരിക്കും. വെറുതെ സമയം ചെലവഴിക്കാതെ പ്രചോദനാത്മക പുസ്തകങ്ങൾ വായിക്കുന്നതിനും, മോട്ടിവേഷനൽ വീഡിയോകൾ കാണുന്നതിനും ഒക്കെ സമയം ചിലവഴിക്കുക. ഒപ്പം മൂന്നു മാസത്തിലൊരിക്കലെങ്കിലും ഒരു മോട്ടിവേഷനൽ ട്രെയ്നിംഗിൽ പങ്കെടുക്കുകയും ചെയ്യുക.

6. **ഒരു പങ്കാളിയെ കണ്ടെത്തുക.**

ഒറ്റയ്ക്കിരുന്നു കാര്യങ്ങൾ ചെയ്യുവാൻ മടിയുള്ള പലരും ഒരു പാർടണറെ കൂടെക്കിട്ടുമ്പോൾ ക്രിയാത്മകമായി പ്രവർത്തിക്കുന്നത് കണ്ടുവരാറുണ്ട്. ഒരു ടീമായി മുന്നേറുമ്പോൾ ഒറ്റയ്ക്ക് ചെയ്യുന്നതിലും മികച്ച രീതിയിൽ പ്രവർത്തിക്കുവാൻ പലപ്പോഴും സാധിക്കും. മടിയും അലസതയും മാറ്റാനും ഇത് സഹായകരമാകും.

**7. നിങ്ങളുടെ ലക്ഷ്യങ്ങളെക്കുറിച്ച് മറ്റുള്ളവരോട് പറയുക.**

നിങ്ങളുടെ സുഹൃത്തുക്കളോടും, ബന്ധുക്കളോടും, പ്രിയപ്പെട്ടവരോടുമൊക്കെ നിങ്ങളുടെ ലക്ഷ്യങ്ങളെക്കുറിച്ച് പറയുമ്പോൾ നിങ്ങളെ കാണുമ്പോഴൊക്കെ ആ ലക്ഷ്യത്തിന്റെ പുരോഗതിയെക്കുറിച്ച് അവർ നിങ്ങളോട് ചോദിക്കും. ഇത് കാര്യങ്ങൾ നാളെകളിലേക്ക് മാറ്റിവയ്ക്കുന്നതിൽ നിന്ന് നിങ്ങളെ പിന്തിരിപ്പിക്കും.

**8. ലക്ഷ്യം നേടിയവരുമായി ബന്ധപ്പെട്ട് നിൽക്കുക.**

പഠനമേഖലയിലും, ജോലിയിലുമൊക്കെ മികച്ച ലക്ഷ്യങ്ങൾ സ്വന്തമാക്കുന്നതിനുള്ള എളുപ്പമാർഗ്ഗം ലക്ഷ്യം സ്വന്തമാക്കിയ ആളുകളുമായി ബന്ധപ്പെട്ട് നിൽക്കുക എന്നുള്ളതാണ്. ഇത് ലക്ഷ്യപ്രാപ്തിയിലേക്ക് നമ്മെ നയിക്കും.

**9. ലക്ഷ്യങ്ങളെ പുനർ വിചിന്തനത്തിന് വിധേയമാക്കുക.**

നിങ്ങൾ പലകാര്യങ്ങളും ഉദ്ദേശിച്ച സമയത്ത് ചെയ്യുന്നില്ലായെങ്കിൽ നിങ്ങളുടെ ലക്ഷ്യങ്ങളെ പുനർവിചിന്തനത്തിനു വിധേയമാക്കുക. നിങ്ങൾ ഇപ്പോൾ ചെയ്യുന്ന പലകാര്യങ്ങളും നിങ്ങളുടെ ലക്ഷ്യപ്രാപ്തിക്ക് സഹായകരമായിരിക്കില്ല. ലക്ഷ്യം നേടുന്നതിന് എന്താണോ ചെയ്യേണ്ടത് അത് ചെയ്യുവാൻ ശ്രമിക്കുക. ഇനി അത് നിങ്ങളെക്കൊണ്ട് സാധിക്കുകയില്ലെങ്കിൽ ലക്ഷ്യങ്ങൾ പുനഃക്രമീകരിക്കുന്നതും നല്ലതാണ്.

**10. മികച്ച സമയം എന്നൊന്നില്ല**

ചിലയാളുകൾ കാര്യങ്ങൾ മാറ്റിവയ്ക്കുന്നതിന് പറയുന്ന കാരണം രാവിലെയാണ് നല്ല സമയം, അല്ലെങ്കിൽ വൈകിട്ടാണ് നല്ലസമയം എന്നൊക്കെ പറഞ്ഞാണ്. തിരിച്ചറിയുക. അങ്ങനെയൊരു സമയമില്ല. എല്ലാ സമയവും നല്ല സമയമാണ്. നമ്മുടെ മനസാണ് ഇതുമായി ബന്ധപ്പെട്ട് തീരുമാനമെടുക്കേണ്ടത്. **ഈ നിമിഷം പ്രയോജനപ്പെടുത്തുവാൻ നിങ്ങൾ തയ്യാറാകുമ്പോൾ എല്ലാ സമയവും നല്ല സമയമാകും.**

**11. അറിവിനേക്കാൾ പ്രധാനം പ്രവൃത്തി**

അറിവുണ്ടെങ്കിലും പ്രവർത്തിക്കുവാൻ നമുക്ക് സാധിക്കുന്നില്ലായെങ്കിൽ നമുക്ക് റിസൾട്ട് കിട്ടണമെന്നില്ല. പൂർണ്ണതയ്ക്കുവേണ്ടി ശ്രമിക്കാം, പക്ഷേ പൂർണ്ണതയിലെത്തിയില്ല എന്നതുകൊണ്ട് പ്രവർത്തിക്കാതിരിക്കുന്നത് മണ്ടത്തരമാണ്. പ്രവർത്തിക്കുവാൻ തയ്യാറായാൽ, അതിനു മനസുവച്ചാൽ പൂർണ്ണത തനിയേ വന്നുകൊള്ളും.

ഇങ്ങനെ കാര്യങ്ങൾ നാളെ നാളെ നീളെ നീളെ എന്നിങ്ങനെ മാറ്റിവയ്ക്കുന്ന ശീലം ജീവിതത്തിൽ നിന്നും മാറ്റിയാൽ വ്യക്തിത്വം കൂടുതൽ ആകർഷകമാകുകയും ജീവിതവിജയം സ്വന്തമാകുകയും ചെയ്യും.

*(രാജ്യാന്തര മോട്ടിവേഷനൽ സ്പീക്കറും, സൈക്കോളജിസ്റ്റും, ഇംഗ്ലീഷിലും മലയാളത്തിലുമായി ഇരുപതോളം പ്രചോദനാത്മക ഗ്രന്ഥങ്ങളുടെ രചയിതാവുമാണ് ലേഖകൻ, ഫോൺ : 9447259402).*

*Facebook:www.facebook.com/jobinskottaram, Youtube: Jobin S. Kottaram*




Dedication of Rajastan Mission Centre

Senior Citizens Week 2014

## Junior Choir



Junior Choir Concert held on 12th October








CEYF
Teenage Camp
Teenage Camp 2014

## Sunday School



Winners of the Diocesian Level Competetion

## YFF

## Family Bible Quiz Winners 2014



Ist Prize: Joshi Das & Family



IInd Prize: Binu Johnson & Family



IIIrd Prize: C.Vijayakumar & Family



Quiz Master: Dr. Manju Renjith

# The Power of Music in Worship

Juliet Jospehus



Praise be sung to God Almighty,the Son and the Holy Spirit,
With instruments of music as David did make
For giving praise to God Almighty,
Let our hearts burst forth in
Symphony of praise to Our God of Creation,
For His loving kindness endures forever.

Who is like unto You,God of Creation?
No instrument of music suffice to applaud
Your handiwork, displayed in this universe,
Proclaiming Your glory in the creations we see:
Your awesome majesty revealed in the majestic mountains,
The myriad stars in the skies,beyond the reach of Man,
You cause every created thing to express their praise,glorifying You.

The music of the spheres,You put it there at the time of creation,
From everything in Nature flows out melodious songs of praise,
The sun rising at the dawn of a new day,
Even the rain's pitter-patter on my window panes
Seems to play its own music of joy at its birth,
Praising and glorifying the God who creates all things.

There's power in music,King David did discover,
So to the chief of the Levites he spake,their brethrens be appointed singers,
With instruments of music,psalteries and harps and cymbals,
Sounding them and lifting up the voice with joy;
So singers Heman, Asaph and Ethan were appointed
To sound with cymbals of brass.

Others with psalteries,trumpets and harps did accompany
As the Ark of the Covenant they carried
With the shouting and sounding of the cornet
Making a noise with psalteries and harps
Levites ministering before the Ark of the Lord
As home they brought it to the City of David.
To record and thank and praise the Lord God of Israel,
David delivered first this psalm,thanking the Lord,
Calling upon His Name and making known His deeds among the people,
To sing psalms to Him,talk of all His wondrous work,

To glory in His Holy Name,to seek His Face continually,
To be mindful always of His Covenant,
The Word He commanded to a thousand generations.

Sure you have heard what chanced in Thyatira:
Beaten with many stripes,imprisoned with feet in stocks,
For saving a damsel from a spirit of divination,Paul and Silas were jailed;
At midnight,despite pain from thrashing ,they prayed and sang praises to God,
Then the earth did quake, prison doors opened, chains were loosened,
The prisoners could all escape,yet no one did,
Leading to the salvation of the jailor and his household,
Such is the power of singing praises to God.

Thus shall arise within me ,a symphony of praise,
Each cell so intricately used to build this temple of God
Shall raise an anthem of praise to Creator God ,
With my spirit, Your breath in me,
And shall burst forth in ecstasy,
Driving out all woes,pains and sorrows.

Be it so in every human heart , unmindful of the world ,
To become one with You in a glorious endless worship,
Sweet melody pour forth from every heart
That is one with You,
Rising to the highest pitch and blend with that of Your creations,
In eternal worship of You,My Almighty God!

## Circle Prayer November 2014

| Date | FNo | Name | Ward | Address |
|---|---|---|---|---|
| 04-11-2014 | 1292 | Dr.Ravindran Joseph N | Pattom | Pearl Vil,TC 12/531, MRA 99,Mulavana |
| 04-11-2014 | 1551 | Dr.Kishor Kumar T | Muttada | Sheela Bhavan,KRA 36,Parottukonam,Nalanchira |
| 04-11-2014 | 665 | Mrs.Santha T | Ulloor | Sheshine,H No-A43,Kunamkulam Lane, Murinjapalam |
| 07-11-2014 | 1097 | Mr.Samson J | LMS | Rose House,TC 14/676,Nandavanam |
| 07-11-2014 | 1001 | Dr.Samuel Jos J | Charachira | Flora,TC 11/1697-1,CNRA E1,Charachira |
| 07-11-2014 | 1710 | Mr.Edwin George | Ambalamukku | Joja,PRA 116A,Puravoorkonam,Vazhayila |
| 11-11-2014 | 1660 | Dr.Joseph M Mony | Kowdiar | Field View,TC 4/1433,YGRA 53,Yuvadhara Gardens |
| 11-11-2014 | 1725 | Mr.Vallabha Das | Nanthencode | Deona,Bains Compound-36,Nanthencode |
| 11-11-2014 | 869 | Mr.Sumanam Justus | Vazhuthacaud | Church View Cottage,PNRA 91,Church Road, Poojapura |
| 14-11-2014 | 953 | Mr.Jaganathan R | Thycaud | RJ Home,Opp CSI Thaliyal,Thaliyal |
| 14-11-2014 | 1183 | Mr.Joshua Ajith Manohar | Statue | Bethel,TC 27/2267-2, Statue Road |
| 14-11-2014 | 138 | Mrs.Gladis Devadas | Edapazhanji | Sharon,VP 6/496,Manalayam,Kodunganoor |

# മട്ടുപ്പാവ് കൃഷി

ഡോ. ആർതർ ജേക്കബ്

പ്രകൃതി കനിഞ്ഞ് നൽകിയ വരദാനങ്ങളിലൊന്നാണ് പച്ചക്കറികൾ. എന്നാൽ അവയുടെ ഉൽപ്പാദനത്തേയും ഉപയോഗത്തേയും കുറിച്ച് നാം അറിവുള്ളവരാകേണ്ടത് ഈ കാലഘട്ടത്തിൽ അത്യാവശ്യമായിരിക്കുന്നു. പച്ചക്കറികളിൽ അമിതമായി ഉപയോഗിക്കുന്ന കീടനാശിനികൾ അപകടകരമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നു. കൃഷിസ്ഥലം ലഭ്യമല്ലാത്ത നഗരപ്രദേശങ്ങളിലെ കുടുംബങ്ങൾക്ക് പച്ചക്കറി ഉൽപ്പാദനത്തിന് ഏറെ അനുയോജ്യമാണ് മട്ടുപ്പാവിലെ കൃഷി.

മട്ടുപ്പാവിലെ കൃഷിയിൽ പൂർണ്ണമായും ജൈവകൃഷി രീതികളാണ് ചെയ്യേണ്ടത്. പച്ചക്കറി കൃഷി, കോഴിവളർത്തൽ, മണ്ണിര കമ്പോസ്റ്റ് നിർമ്മാണം, അസോള കൃഷി മുതലായവ മട്ടുപ്പാവിൽ നമുക്ക് ചെയ്യാവുന്നതാണ്. ചെടിച്ചട്ടിയേക്കാൾ പ്ലാസ്റ്റിക് ചാക്കാണ് മട്ടുപ്പാവിലെ കൃഷിക്ക് അനുയോജ്യം. ഭാരക്കുറവ്, വിലക്കുറവ്, മണ്ണുമിശ്രിതത്തിൽ ഉള്ള ഈർപ്പം നിലനിർത്തുന്നതിനുള്ള കഴിവ്, ഇവ പ്ലാസ്റ്റിക് ചാക്കിന്റെ മേന്മകളാണ്. മണ്ണ്, മണൽ, ചാണകപ്പൊടി, ഇവ 2:1:1 എന്ന തോതിൽ പോട്ടിംഗ് മിശ്രിതം തയ്യാറാക്കി ചാക്കിൽ മുക്കാൽ ഭാഗത്തോളം നിറയ്ക്കുക. ഇപ്രകാരം തയ്യാർ ചെയ്ത ചാക്കുകൾ മട്ടുപ്പാവിന്റെ കൈവേരിയോട് ചേർത്തും അടിയിൽ ചുവർ വരുന്ന ഭാഗത്തുമാണ് വെയ്ക്കേണ്ടത്. ത്രികോണാകൃതിയിൽ ഇഷ്ടിക അടുക്കി അതിനുമുകളിലായിരിക്കണം ചാക്കുകൾ ക്രമീകരിക്കേണ്ടത്. ചാക്കുകളുടെ മുകൾഭാഗം പുറകോട്ട് മടക്കി വൈകുന്നത് ജലസേചനം എളുപ്പമാക്കുന്നു. സൂര്യപ്രകാശം അധികം ആവശ്യമില്ലാത്തതും പടർന്നുപന്തലിക്കാത്തതുമായ പച്ചക്കറിയിനങ്ങളാണ് മട്ടുപ്പാവ് കൃഷിക്ക് യോജിച്ചത്.

വിതയ്ക്കുന്നതും മാറ്റിനടുന്നതും ഒരു മൂട്ടിൽ 2 എന്ന ക്രമത്തിൽ ഒരു ചാക്കിൽ 2 മൂട് കൃഷി ചെയ്യാം. ചെടികൾ മാറ്റി നടുമ്പോഴുള്ള ആഘാതം കുറയ്ക്കാൻ ചാക്കിന്റെ മുകൾഭാഗം നിവർത്തി തണൽകൊടുക്കുക. കൂടാതെ ഒരു കൈ അസോള തൈയ്യുടെ ചുവട്ടിൽ ഇടുന്നത് നല്ലതാണ്. ആഴ്ചയിലൊരിക്കൽ പി.ജി.പി.ആർ.മിക്സ്-1 ജൈവവളവുമായി ചേർത്ത് വളം ചെയ്യുക. രാവിലെയും വൈകുന്നേരവും മിതമായ നിരക്കിൽ ജലസേചനം നടത്തുന്നത് ചെടികൾ വാടാതിരിക്കാനും ജലം പാഴാകാതിരിക്കാനും സഹായിക്കുന്നു. കീടനിയന്ത്രണത്തിനായി സ്ഥിരമായ നിരീക്ഷണം അത്യാവശ്യമാണ്. ആവശ്യമെങ്കിൽ ജൈവകീടനാശിനികൾ മാത്രം ഉപയോഗിക്കുക. ചാക്കുകൾ ഇടയ്ക്കിടയ്ക്ക് സ്ഥാനം മാറ്റുന്നത് മട്ടുപ്പാവ് വൃത്തിയാക്കുന്നതിനും ഒരേ സ്ഥാനത്ത് ഈർപ്പമുണ്ടാകുന്നത് തടയാനും സാധിക്കും. തുടർച്ചയായി നാലോ അഞ്ചോ വിളകൾക്ക് ഒരേ ചാക്ക് മതിയാകും. ഓരോ വിള കഴിയുമ്പോഴും മണ്ണിളക്കി ജൈവവളം ചേർത്തിട്ട് അടുത്ത വിള നടുക. ഓരോ ചാക്കിലും പയർവർഗ്ഗ ചെടികൾ ഉൾപ്പെടുത്തി crop rotation ചെയ്യുന്നതാണ് ഉത്തമം.

മട്ടുപ്പാവ് കൃഷിയിലൂടെ വീട്ടിൽ കുമിഞ്ഞ് കൂടുന്ന ജൈവമാലിന്യത്തെ ഫലപ്രദമായി ഉപയോഗിക്കുന്നതോടൊപ്പം സുരക്ഷിതമായ പച്ചക്കറി ഉൽപ്പാദനവും സാധ്യമാകും.

# ഗാർഹിക മാലിന്യ സംസ്ക്കരണത്തിന് ബയോഗ്യാസ് പ്ലാന്റുകൾ ഫലപ്രദം

**ഡോ. എ. സജിദാസ്**
(മാനേജിംഗ് ഡയറക്ടർ, ബയോടെക്ക് റിന്യുവബിൾ എനർജി, തിരുവനന്തപുരം)

നമ്മുടെ ദൈനംദിന പ്രവർത്തനങ്ങളുടെ ഫലമായി വിവിധതരത്തിലുള്ള അവശിഷ്ടങ്ങൾ പുറംതള്ളുന്നു. ഇവ പ്രധാനമായും ഭക്ഷണത്തിന്റെ അവശിഷ്ടങ്ങൾ ആണെങ്കിലും ഇവ ഉപയോഗശൂന്യമായി മാറ്റിവയ്ക്കപ്പെടുന്ന സമയം മുതൽ ഇവയെ മാലിന്യങ്ങൾ എന്ന വിഭാഗത്തിൽപെടുത്തുന്നു. മാലിന്യങ്ങൾ പ്രധാനമായും ജീർണിക്കുന്നവയും ജീർണിക്കാത്തവയും എന്നിങ്ങനെ രണ്ടു വിഭാഗത്തിൽപ്പെടുന്നു. ജീർണിക്കുന്ന മാലിന്യങ്ങളിൽ വേഗത്തിൽ ജീർണിക്കുന്ന ഭക്ഷ്യ വസ്തുക്കളുടെ അവശിഷ്ടവും സാവധാനം ജീർണിക്കുന്ന സസ്യാവശിഷ്ടങ്ങളും ഉൾപ്പെടുന്നു. വേഗത്തിൽ ജീർണിക്കുന്ന ഭക്ഷ്യ വസ്തുക്കളുടെ അവശിഷ്ടങ്ങളാണ് ദുർഗന്ധവും മറ്റ് ആരോഗ്യ പരിസ്ഥിതി പ്രശ്നങ്ങളും ഉണ്ടാക്കുന്നത്. ജൈവമാലിന്യങ്ങളെ യഥാസമയം സംസ്ക്കരിക്കുക എന്നുള്ളത് ഏറ്റവും ദുഷ്കരമായ പ്രവൃത്തിയായി തീർന്നിരിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇക്കാര്യത്തിൽ പൂർണമായും വിജയിക്കാത്ത സാഹചര്യങ്ങളിൽ ഓരോരുത്തരും അവരവരുടെ വീടുകളിലും സ്ഥാപനങ്ങളിലും ഉണ്ടാകുന്ന മാലിന്യങ്ങളുടെ യഥാസമയമുള്ള സംസ്ക്കരണത്തിൽ സ്വയംപര്യാപ്തത കൈവരിക്കേണ്ട സാഹചര്യം സംജാതമായിരിക്കുന്നു.

ഗാർഹിക ജൈവ അവശിഷ്ടങ്ങൾ യഥാ സമയം സംസ്ക്കരിക്കുന്നതിന് ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾ ഫലപ്രദ മാണ്. ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിലൂടെ ഗാർഹിക ജൈവമാലിന്യങ്ങളെ യഥാസമയം സംസ്കരിച്ച് പാചക വാതകവും ജൈവ വളവുമാക്കി മാറ്റാൻ കഴിയു മെന്നുള്ള സവിശേഷതയും ഈ പ്ലാന്റുകൾ ക്കുണ്ട്. ഒരു ഗാർഹിക ജൈവ മാലിന്യ സംസ്കരണ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കാൻ ഒരു ചതുരശ്ര മീറ്റർ സ്ഥലം മാത്രം മതിയാകും. നിലത്ത് സ്ഥല സൗകര്യം ഇല്ലാത്തവർക്ക് വീട്ടിന്റെ ടെറസിലും പ്ലാന്റ് സ്ഥാപിക്കാവുന്നതാണ്. ഈ പ്ലാന്റിൽ വീട്ടിൽ ഉണ്ടാകുന്ന ഭക്ഷണ



അവശിഷ്ടം, പച്ചക്കറികളുടെ അവശിഷ്ടം, മൽസ്യമാംസാദികൾ കഴുകുന്ന വെള്ളം, കഞ്ഞി വെള്ളം തുടങ്ങി എല്ലാത്തരം ഖരജൈവ മാലിന്യങ്ങളും ജൈവാംശം അടങ്ങിയ മലിനജലവും സംസ്കരിക്കാം. ഗാർഹിക പ്ലാന്റുകളുടെ പ്രവർത്തനം വളരെ ലളിതമാണ്. അടുക്കളയിൽ നിന്നും പുറം തള്ളുന്ന ഖര -ദ്രവ അവശിഷ്ടങ്ങളെ ഒരു പാത്രത്തിൽ ശേഖരിച്ച് ബയോഗ്യാസ് പ്ലാന്റിലെ മാലിന്യങ്ങൾ നിക്ഷേപിക്കേണ്ട അറയിലേക്ക് ഒഴിച്ചു കൊടുക്കുക മാത്രമേ ചെയ്യേണ്ടതുള്ളു. പ്ലാന്റിനുള്ളിൽ എത്തുന്ന മാലിന്യങ്ങളെ പ്ലാന്റിനുള്ളിലെ സൂഷ്മാണു ജീവികൾ വിഘടിപ്പിച്ച് ജൈവവാതകവും ജൈവവളവുമാക്കി മാറ്റുന്നു. ജൈവവാതകം ഒരു പൈപ്പ് ലൈൻ വഴി അടുക്കളയിൽ എത്തിച്ച് പാചകത്തിനോ വിളക്ക് കത്തിക്കുന്നതിനോ ഉപയോഗിക്കാവുന്നതാണ്. ജൈവവാതകം അപകടരഹിതവും ഇന്ധന ക്ഷമത കൂടിയതുമായ വാതകമാണ്. നാലോ അഞ്ചോ അംഗങ്ങളുള്ള വീട്ടിലെ മാലിന്യം സംസ്കരിച്ചുണ്ടാകുന്ന ജൈവവാതകം 2 മണിക്കൂറിൽ അധികം ഒരു സ്റ്റൗ ഉപയോഗിച്ച് പാചകം ചെയ്യുന്നതിന് മതിയാകുന്നതാണ്. ഇങ്ങനെ ദൈനംദിനം ബയോഗ്യാസ് കൂടി പാചകത്തിന് ഉപയോഗിക്കുമ്പോൾ 50 ശതമാനത്തിലധികം LPG ലാഭിക്കുന്നതിന് സഹായകരമാണ്. 5 അംഗങ്ങൾ വരെയുള്ള വീടുകൾക്ക് ഒരു ഘന മീറ്റർ വലുപ്പമുള്ള പ്ലാന്റാണ് അഭികാമ്യം. ഇതിന് 17000 മുതൽ 24000 രൂപ വരെ ചെലവ് വരും. ഇത് ബയോടെക്ക് നൽകുന്ന 5000 രൂപ സബ്സിഡി കിഴിച്ചുള്ള തുകയാണ്. ഇതു കൂടാതെ തിരുവനന്തപുരം കോർപ്പറേഷൻ, പ്ലാന്റുകളുടെ വലുപ്പം അനുസരിച്ച് വ്യത്യസ്ഥ തരത്തിലുള്ള സബ്സിഡിയും നൽകുന്നു. ഇതിനായുള്ള അപേക്ഷകൾ അതാത് വാർഡ് കൗൺസിലർമാർ മുഖേന കോർപ്പറേഷനിൽ സമർപ്പിക്കേണ്ടതാണ്. കേരളത്തിലെ ഓരോ ഗ്രാമ പഞ്ചായത്തിലും ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നവർക്ക് സബ്സിഡി നൽകുന്ന പദ്ധതിയും നിലവിലുണ്ട്.

ഗാർഹിക ജൈവവാതക പ്ലാന്റ് സ്ഥാപിക്കുന്നവർ ആദ്യമായി പ്ലാന്റ് പ്രവർത്തന ക്ഷമമാക്കേണ്ടതുണ്ട്. ഇതിനായി സൂക്ഷ്മാണു ജീവികളുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിന്, കന്നുകാലി ചാണകം ഉപയോഗിക്കേണ്ടതാണ്. കന്നുകാലി ചാണകം ഇതിനായി ഉപയോഗിക്കുമ്പോൾ ഏതാനും ദിവസത്തിനുള്ളിൽ പ്ലാന്റ് പ്രവർത്തന ക്ഷമമാകുന്നു. ഇതിനു ശേഷം മാത്രമേ പ്ലാന്റിൽ ജൈവമാലിന്യങ്ങൾ നിക്ഷേപിക്കാൻ പാടുള്ളു. ഓരോ വലിപ്പത്തിലുള്ള പ്ലാന്റിനും നിശ്ചിത സംസ്കരണശേഷിയുണ്ട്. ഇതിൽ കൂടുതൽ മാലിന്യങ്ങൾ പ്ലാന്റിൽ നിക്ഷേപിച്ചാൽ പ്ലാന്റ് ക്രമേണ പ്രവർത്തനരഹിതമാകും.

നഗര പ്രദേശങ്ങളിൽ കന്നുകാലി ചാണകം ലഭിക്കുക എന്നുള്ളത് ഏറെ ശ്രമകരമാണ്. തന്നെയുമല്ല മനോഹരമായ വീടും പരിസരവും മലിനമാകുമെന്ന ഭയവും നിരവധി പേർക്കുണ്ട്. ഇത് പരിഹരിക്കുന്നതിന് പ്ലാന്റിൽ പ്രാഥമികമായി നിക്ഷേപിക്കുന്നതിന പര്യാപ്തമായ ബയോടെക്ക് കൾച്ചർ ഇപ്പോൾ ലഭ്യമാണ്. ഇത് ഉപയോഗിക്കുക വഴി പ്ലാന്റ് വളരെ വേഗം (ഒന്നോ രണ്ടോ ദിവസത്തിനുള്ളിൽ ) പ്രവർത്തനക്ഷമമാകുന്നതായും കണ്ടു വരുന്നു.

പ്ലാന്റിൽ നിന്നും സംസ്കരണം കഴിഞ്ഞ് ലഭിക്കുന്ന സ്ലറി ഒരു സമ്പുഷ്ട

ജൈവവളമാണ്. ഇതിൽ ചെടികളുടെ വളർച്ചയെ ത്വരിതപ്പെടുത്തുന്ന അടിസ്ഥാന മൂലകങ്ങൾ സമൃദ്ധമായ അളവിൽ അടങ്ങിയിരിക്കുന്നു. വീട്ടുവളപ്പിൽ പച്ചക്കറി കൃഷി ചെയ്യുന്നവർക്ക് ബയോഗ്യാസ് സ്ലറി ഉപയോഗിച്ച് ഗുണമേൻമയുള്ള പച്ചക്കറികൾ ലാഭകരമായി വിളയിക്കാൻ സാധിക്കുന്നതാണ്.

ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിലൂടെ ദൈനംദിനം ലഭിക്കുന്ന ജൈവമാലിന്യങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ആശ്രയിക്കാതെ യഥാസമയം വികേന്ദ്രീകൃതമായി സംസ്ക്കരിച്ച് ഓരോരുത്തർക്കും പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളികളാകാവുന്നതാണ്. നമ്മുടെ മാലിന്യങ്ങൾ പുറത്തേക്ക് വലിച്ചെറിയാതെ ഗുണമേൻമയുള്ള ഉപഉൽപ്പന്നങ്ങളായി മാറ്റാൻ കഴിയുന്നതിലൂടെ ഈ രംഗത്ത് ഓരോരുത്തർക്കും സ്വയംപര്യാപ്തത കൈവരിക്കാൻ കഴിയും. പ്ലാന്റ് നിർമ്മാണത്തിനായി ചെലവഴിക്കുന്ന പണം 2 വർഷത്തിനുള്ളിൽ ജൈവവാതകവും ജൈവവളവുമായി തിരികെ ലഭിക്കുന്നു.

ഈ പദ്ധതിയെക്കുറിച്ചുള്ള വിശദ വിവരങ്ങൾ അറിയുന്നതിനും ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾ യഥാവിധി സ്ഥാപിക്കുന്നതിന് തിരുവനന്തപുരത്ത് വഴുതക്കാട് M.P. അപ്പൻ റോഡിൽ പ്രവർത്തിക്കുന്ന **ബയോടെക്കിൽ** ബന്ധപ്പെടുക. ഫോൺ : **9446000902, 2332179, 2321909, 2331909.**
email - biotechindia@eth.net | www. biotech-india.org.

---

# രാജസ്ഥാൻ മിഷൻ കേന്ദ്രം പ്രതിഷ്ഠ

യേശുക്രിസ്തുവിനെ അറിയുന്നവർ വളരെ കുറവുള്ള സംസ്ഥാനമായ രാജസ്ഥാനിൽ 2010 ഡിസംബർ മാസം മുതൽ എസ്.സി.എഫിന്റെ സ്പോൺസർഷിപ്പിൽ ശ്രീ. ബെൻസിലാൽ മീന എന്ന തദ്ദേശമിഷണറി കുടുംബമായി സുവിശേഷ വേല ചെയ്തുവരുന്നു. അദ്ദേഹത്തിന്റെ ശുശ്രൂഷയിലൂടെ അനേകർ കർത്തൃഭാഗത്തേക്ക് വരുവാൻ ഇടയായി. അവർക്ക് ആരാധിക്കുവാൻ ഒരു ആലയത്തിനു വേണ്ടി ശ്രമം ആരംഭിച്ചു. അനേകം പേരുടെ പ്രാർത്ഥനയുടെയും കൂട്ടായ പ്രവർത്തനത്തിന്റെയും ഫലമായി 2013-ൽ എസ്.സി.എഫ് 6,75,000 രൂപ ചെലവ് ചെയ്ത് ബെൻസ്വാര ജില്ലയിൽ ടിക്കരിയ എന്ന സ്ഥലത്ത് സി.എസ്.ഐ എസ്.കെ.ഡി ട്രസ്റ്റിന്റെ പേരിൽ സ്ഥലം വാങ്ങി. 2013 ഏപ്രിൽ ആദ്യ ആഴ്ചയിൽ അഭിവന്ദ്യ ബിഷപ്പ് തിരുമേനി ഈ സ്ഥലത്ത് രാജസ്ഥാൻ മിഷന്റെ ആസ്ഥാന മന്ദിരത്തിനായി ശിലാസ്ഥാപനം നടത്തുകയും ചെയ്തു. ഈ മന്ദിരത്തിന്റെ താഴത്തെനില ആരാധനാലയമായി പണിയുന്നതിനുള്ള ചെലവ് എസ്.സി.എഫ് ഏറ്റെടുക്കുകയും പണി ആരംഭിക്കുകയും ചെയ്തു. ഇതിന്റെ പണികൾ ഏറെക്കുറേ പൂർത്തീകരിച്ച് സെപ്റ്റംബർ 18-ാം തീയതി അഭിവന്ദ്യ ധർമ്മരാജ് റസാലം തിരുമേനി പ്രതിഷ്ഠ നിർവ്വഹിക്കുകയും ചെയ്തു. മഹായിടവക സെക്രട്ടറി, മറ്റു ഭാരവാഹികളും, ബോർഡ് ഫോർ മിഷന്റെ ഡയറക്ടറും മറ്റു പ്രതിനിധികളും പങ്കെടുത്തു. നമ്മുടെ സഭയിലെ എസ്.സി.എഫിന്റെ പ്രതിനിധികളായി വിൻസന്റ് അച്ചന്റെ നേതൃത്വത്തിൽ 6 പേർ - ഡോ. ജോൺസൺ, പ്രൊഫ. രാജപ്രസാദ്, എസ്.കെ. ഡെന്നിസൺ, ലളിതാ മൈക്കിൾ, ഡോറാ ജോൺസൺ, ഗ്രിസിൽഡ വിൽസ് എന്നിവർ പങ്കെടുത്തു.

**പ്രൊഫ. രാജപ്രസാദ്,** ജനറൽ സെക്രട്ടറി

# ഒരു കൊച്ചു തീപ്പെട്ടിപെൺകുട്ടി

(ഹാൻസ് ക്രിസ്ത്യൻ ആൻഡേഴ്സന്റെ **'ദി ലിറ്റിൽ മാച്ച് ഗേൾ'**
എന്ന കഥയുടെ മലയാള വിവർത്തനം)

**മനോജ് എബനീസർ**

കൊടും തണുപ്പായിരുന്നു ആ സന്ധ്യയ്ക്ക്, മഞ്ഞ് പെയ്യുന്നുണ്ടായിരുന്നു. ഇരുൾ മൂടിക്കഴിഞ്ഞു – ഒരു വർഷത്തിന്റെ അവസാന സായംകാലമായിരുന്നു അത്. ഇരുളും തണുപ്പും മൂടിയ തെരുവുകളിൽക്കൂടി ഒരു പാവപ്പെട്ട പെൺകുട്ടി നടക്കുന്നുണ്ട്. അവൾ വീട്ടിൽ നിന്നിറങ്ങിയപ്പോൾ കാലിൽ ചെരുപ്പുണ്ടായിരുന്നു. പക്ഷേ എന്ത് പ്രയോജനം? അവളുടെ അമ്മയാണ് അവസാനം അത് ഉപയോഗിച്ചത്. അത്രയ്ക്ക് അത് വലിയതായിരുന്നു. വേഗതയിൽ പാഞ്ഞുവന്ന രണ്ട് കുതിരവണ്ടികളെ ഒഴിഞ്ഞ് റോഡിന് കുറുകേ ഓടിയപ്പോൾ അവൾക്ക് ആ ചെരിപ്പുകൾ നഷ്ടമായി. ഒന്നിനെ എത്ര നോക്കിയിട്ടും കണ്ടെത്താനായില്ല. മറ്റേത് ഒരു ബാലൻ പെറുക്കിടെയുത്ത് അതുമായി ഓടിക്കളഞ്ഞു. അതുകൊണ്ട് ആ കൊച്ചു പെൺകുട്ടി നഗ്നപാദയായി നടക്കുകയാണ്, തണുപ്പ്കൊണ്ട് അവളുടെ കാലുകൾ ചുവക്കുകയും നീലിക്കുകയും ചെയ്തിട്ടുണ്ട്. അവളുടെ കുപ്പായത്തിനകത്ത് കുറേ തീപ്പെട്ടിയുണ്ട്. കൈയ്യിലും ഒരു കൂട് തീപ്പെട്ടി പിടിച്ചിരിക്കുകയാണ്. ഒരെണ്ണം പോലും ആ നീണ്ട ദിവസത്തിനിടെ ആരും വാങ്ങിയിട്ടില്ല, ഒരു ചില്ലിക്കാശും ആരും അവൾക്ക് കൊടുത്തിട്ടില്ല.

വിശന്ന് വലഞ്ഞ്, തണുത്ത് വിറച്ച്, ദുരിതം പേറി നടക്കുകയായിരുന്നു ആ പാവം കുട്ടി. അവളുടെ കഴുത്തിന് ചുറ്റും ഭംഗിയുള്ള ചുരുളുകളായിക്കിടന്ന നീണ്ട ചെമ്പൻ മുടിയിൽ മഞ്ഞുകഷ്ണങ്ങൾ വീണു. പക്ഷേ അവൾ അതൊന്നും ശ്രദ്ധിച്ചില്ല. ഓരോ ജനാലയിൽ നിന്നും വിളക്കുകൾ പ്രകാശിക്കുകയായിരുന്നു. തെരുവ് നിറയേ വറുത്ത താറാവിന്റെ കൊതിയൂറുന്ന മണം – കാരണം അത് വർഷാന്ത്യ രാവായിരുന്നു. അതവൾ ഓർത്തു.

ഒരു വീട് മറ്റൊരു വീട്ടിൽ നിന്നും തള്ളി നിൽക്കുന്ന ഒരു മൂലയ്ക്ക് അവൾ കുത്തിയിരുന്നു. കാലുകൾ മടക്കിച്ചേർത്ത് വെച്ചെങ്കിലും കൂടുതൽ തണുക്കുന്നതായി തോന്നി. അവൾക്ക് വീട്ടിലേക്ക് മടങ്ങാൻ പേടിയായിരുന്നു – ഒരു തീപ്പെട്ടി പോലും വിൽക്കാനായില്ലല്ലോ, ഒരു കാശ് പോലും കിട്ടിയില്ല. അവളുടെ പപ്പ ഉറപ്പായും അവളെ തല്ലും. മാത്രമല്ല, വീടും ഇതുപോലെ തണുപ്പ് തന്നെ, കാരണം ഒരു കൂര ഉണ്ട് എന്ന് പറയാം എന്നേയുള്ളൂ – അതിൽക്കൂടി തണുത്ത കാറ്റ് മൂളിവരും. വലിയ ദ്വാരങ്ങളെല്ലാം കീറത്തുണിയും വൈക്കോലുംവെച്ച് അടച്ചിട്ടു പോലും.

അവളുടെ കുഞ്ഞ് കൈകൾ മരവിച്ച് പോയിരുന്നു. ഓ, ഒരു കൊച്ച് കൊള്ളി കൊണ്ട് എത്ര ആശ്വാസം കിട്ടിയേനേ! കെട്ടിൽ നിന്ന് ഒരെണ്ണം വലിച്ചെടുത്ത് ആ ചുമരിൽ ഉരച്ച് തന്റെ വിരലുകൾക്ക് ചൂട് പകർന്നാലോ? അവൾ ഒരെണ്ണം പുറത്തെടുത്തു... ക്ശ്ശ്...ഹാ! അത് കത്തുന്നു – അണയുന്ന പോലെ. പിന്നെ നല്ല ജ്വാലയോടെ, പ്രകാശമുള്ള തീ, ഒരു കൊച്ച് മെഴുകുതിരി മാതിരി അവളുടെ കൈകൾ ചുറ്റും അണച്ചു പിടിച്ചു. അത് ഒരു പ്രത്യേകതയുള്ള

വെളിച്ചം തന്നെ! തിളങ്ങുന്ന പിച്ചളക്കാലുകളും പിച്ചളപിടിയുമുള്ള മിനുക്കിയെടുത്ത ഒരു വലിയ അടുപ്പിനുമുമ്പേ ഇരിക്കുന്നതായി പെൺകുട്ടിക്ക് തോന്നി. അതിൽ ആളിക്കത്തുന്ന നല്ലൊരു തീ. അവളെ എത്ര നന്നായി ചൂടുപിടിപ്പിക്കുന്നു! പക്ഷേ – അവൾ ചൂടുകിട്ടാൻ കാലുകൾ നീട്ടിയതും തീ അണഞ്ഞു, അടുപ്പ് അപ്രത്യക്ഷമായി, കത്തിത്തീർന്ന തീക്കൊള്ളി മാത്രമേ അവളുടെ കൈയ്യിൽ ഉണ്ടായിരുന്നുള്ളൂ.

രണ്ടാമതൊരെണ്ണം അവൾ കത്തിച്ചു. അതു കത്തിയപ്പോൾ അതിന്റെ പ്രകാശം മതിലിൽ വീണിടത്ത് ഒരു നേർത്ത നെറ്റ് പോലെ, അതിൽക്കൂടി കാണാൻ കഴിയുന്നപോലെ! അവൾക്കതിൽക്കൂടി മുറിക്കകത്തേക്ക് കാണാം. മേശപ്പുറത്ത് മഞ്ഞുപോലെ വെളുത്ത വിരിപ്പ് വിരിച്ചിട്ടുണ്ട്. അതിന്മേൽ ഭംഗിയുള്ള ഡിന്നർ പാത്രങ്ങൾ നിരത്തിയിരിക്കുന്നു. ആപ്പിളും ഉണക്കമുന്തിരിയും നിറച്ച വറുത്ത താറാവിൽ നിന്ന് ആവി പറക്കുന്നു. ഏറ്റവും രസം, പുറമേ കത്തിയും മുള്ളുമായി ആ താറാവ് ചാടിയിറങ്ങി തറയിൽക്കൂടി നടന്നുവരുന്നു പെൺകുട്ടിയുടെ അടുത്തേക്ക്! എന്നിട്ട് – കൊള്ളി അണഞ്ഞുപോയി, തണുത്ത, കനംകൂടിയ ആ മതിൽ മാത്രമേ മുന്നിൽ കാണാനുള്ളൂ.

ഒരെണ്ണം കൂടി അവൾ കത്തിച്ചു. ഇപ്രാവശ്യം ഏറ്റവും ഭംഗിയുള്ള ഒരു ക്രിസ്തുമസ്സ് ട്രീക്ക് മുന്നിൽ അവൾ ഇരിക്കുകയാണ്. ആ വലിയ കച്ചവടക്കാരന്റെ വീട്ടിലെ ഗ്ലാസ് കതകിലൂടെ അവൾ കണ്ട ട്രീയേക്കാൾ വലുതും മനോഹരമായി അലങ്കരിച്ചതും. അതിന്റെ കൊമ്പുകളിൽ എണ്ണമറ്റ മെഴുകുതിരികൾ കത്തിച്ചുവച്ചിട്ടുണ്ട്. അവൾ കടകളിൽ കണ്ടിട്ടുള്ളതുപോലെയുള്ള വർണ്ണക്കടലാസുകൾ മുകളിൽ നിന്ന് അവളെ നോക്കുന്നു. രണ്ട് കൈയ്യും ആ കൊച്ചു പെൺകുട്ടി അതിലേക്ക് നീട്ടി. വീണ്ടും കൊള്ളി അണഞ്ഞുപോയി. ആ ക്രിസ്തുമസ് മെഴുകുതിരികൾ ഉയർന്നുയർന്ന് ആകാശത്തേക്ക് ചെന്ന് മിന്നുന്ന നക്ഷത്രങ്ങളായി. അതിൽ ഒരെണ്ണം താഴേക്ക് പതിച്ചു, ആകാശത്ത് പ്രകാശത്തിന്റെ ഒരു നീണ്ട രേഖയായി.

'ആരോ മരിക്കുകയാണ്', പെൺകുട്ടി ചിന്തിച്ചു. അവളുടെ പ്രായമുള്ള അമ്മാമ്മ, അവളെ സ്നേഹിച്ച ഒരേയൊരാൾ, ഉണ്ടായിരുന്നപ്പോൾ അവൾക്ക് പറഞ്ഞുകൊടുക്കുമായിരുന്നു: 'ഒരു നക്ഷത്രം വീഴുമ്പോൾ ഒരാത്മാവ് ദൈവത്തോട് പറന്നുചെല്ലുകയാണ്'.

വീണ്ടും ഒരു തീക്കൊള്ളി മതിലിൽ ഉരച്ച് അവൾ കത്തിച്ചു. ഇപ്രാവശ്യം ആ പ്രകാശത്തിൽ അവളുടെ അമ്മാമ്മ പ്രത്യക്ഷപ്പെട്ടു. അവൾക്ക് നന്നായി പ്രകാശമയമായി കാണാം. ശാന്തതയും സന്തോഷവും നിറഞ്ഞ ആ മുഖം.

'അമ്മാമ്മേ!' അവൾ വിളിച്ചു. 'എന്നെയും കൂടി കൊണ്ടുപോകുമോ? കൊള്ളി അണയുമ്പോൾ അമ്മാമ്മ പോകും എനിക്കറിയാം. ആ ചൂടുള്ള അടുപ്പ് പോലെ കൊതിയൂറുന്ന താറാവ് പോലെ മനോഹരമായ ക്രിസ്തുമസ് ട്രീ പോലെ അമ്മാമ്മയും അപ്രത്യക്ഷമാകും!'

ഒരുകെട്ട് കൊള്ളികൾ മുഴുവൻ അവൾ ധൃതിയിൽ കത്തിച്ചു കാരണം അമ്മാമ്മയെ കൂടെ നിർത്താൻ അവൾ വെമ്പൽകൊണ്ടു. നട്ടുച്ചയേക്കാൾ പ്രകാശത്തിൽ തീക്കൊള്ളികൾ കത്തി. അമ്മാമ്മയെ ഒരിക്കലും ഇത്ര വലുതായോ

ഇത്ര സൗന്ദര്യത്തോടെയോ കണ്ടിട്ടില്ല. അമ്മാമ്മ ആ കൊച്ചുകുട്ടിയെ തന്റെ കൈകളിലേന്തി. പ്രകാശത്തിന്റേയും ആനന്ദത്തിന്റേയും തിരകളിലേറി അവൾ പറന്നുയർന്നു – ഭൂമിയിൽ നിന്ന് വളരെവളരെ ഉയരത്തിൽ – തണുപ്പും വിശപ്പും വേദനയുമില്ലാത്തിടത്ത്, കാരണം അവൾ ദൈവത്തോടൊപ്പമായിരുന്നു.

പഴയ വർഷത്തിന്റെ അവസാന സന്ധ്യയിൽ മരവിച്ച് മരിച്ച ആ പാവം പെൺകുട്ടി അവിടെത്തന്നെ, ആ വീടുകൾക്കിടയിലുള്ള മൂലയിൽ, ഇരിക്കുകയായിരുന്നു, ചുവന്ന തുടുത്ത കവിളുകളും മുഖത്ത് ഒരു പുഞ്ചിരിയുമായി. തണുത്തുറഞ്ഞ്, ഒരുകെട്ട് തീക്കൊള്ളികളുടെ കത്തിത്തീർന്ന അറ്റങ്ങൾ കൈയ്യിൽപ്പിടിച്ച് ഇരിക്കുന്ന ആ കുഞ്ഞ് ശരീരത്തിനുമേൽ പുതുവർഷത്തിന്റെ സൂര്യനുദിച്ചു. 'ചൂട് കിട്ടാൻ ശ്രമിച്ചതാണ്' എന്ന് ആൾക്കാർ പറഞ്ഞു. പക്ഷേ, എന്തെല്ലാം മനോഹരക്കാഴ്ചകൾ അവൾ കണ്ടെന്നോ, പുതുവർഷത്തിലേക്ക് അവളുടെ അമ്മാമ്മയോടൊപ്പം എത്ര മഹത്വത്തിൽ അവൾ കടന്നുപോയെന്നോ ആരും നിനച്ചില്ല.

---

## സീനിയർ സിറ്റിസൺസ് ഫെല്ലോഷിപ്പ് വാരാഘോഷം

സെപ്റ്റംബർ 28 മുതൽ ഒക്ടോബർ 5 വരെ വിവിധ പരിപാടികളോടുകൂടി സീനിയർ സിറ്റിസൺസ് ഫെല്ലോഷിപ്പ് വാരം ആചരിച്ചു. 28-ാം തീയതി ഞായറാഴ്ച രാവിലെ റവ. റ്റി. ശെൽവരാജൻ ദേവാലയാങ്കണത്തിൽ പതാക ഉയർത്തി ഉദ്ഘാടനം ചെയ്തു. 29-ാം തീയതി വൈകുന്നേരം 3 മണിക്ക് സംഘടനാ അംഗങ്ങൾ മിസ് ഗ്ലാഡി വിജയ വൈറ്റിന്റെ ഭവനത്തിൽ പ്രാർത്ഥന നടത്തി. 30-ാം തീയതി രാവിലെ 9 മണി മുതൽ സംഘടനാ അംഗങ്ങൾ പല ഗ്രൂപ്പുകളായി നമ്മുടെ സഭയിലെ മുതിർന്നവരും രോഗികളുമായ അറുപതോളം പേരുടെ ഭവനങ്ങൾ സന്ദർശിച്ചു. ലോക സീനിയർ സിറ്റിസൺസ് ദിനമായ ഒക്ടോബർ ഒന്നാം തീയതി പൂജപ്പുരയിലെ ആശാ ഭവൻ സന്ദർശിക്കുകയും അവിടെയുള്ള അന്തേവാസികളുമായി കൂട്ടായ്മ ആചരിക്കുകയും പ്രാർത്ഥിക്കുകയുമുണ്ടായി. ഒക്ടോബർ രണ്ടാം തീയതി 'വാർദ്ധക്യത്തിൽ ജീവിതം അർത്ഥപൂർണ്ണമാക്കുക' എന്ന വിഷയത്തെ ആസ്പദമായി ഒരു സെമിനാർ നടത്തുകയുണ്ടായി. 90 പേർ പങ്കെടുത്തു. റവ. സജി കോശി മുഖ്യപ്രസംഗകനായിരുന്നു. ഒക്ടോബർ മൂന്നാം തീയതി സംഘടനാ അംഗങ്ങൾ ശ്രീമതി. ജാസ്മിൻ തോമസിന്റെ ഭവനത്തിൽ ശെൽവരാജൻ അച്ചന്റെ നേതൃത്വത്തിൽ തിരുവത്താഴ ശുശ്രൂഷ നടത്തി. ഒക്ടോബർ നാലാം തീയതി വൈകുന്നേരം 3 മണിക്ക് ശ്രീ. ആസ്റ്റിൻ മെക് ഡൊണാൾഡ് വൈറ്റ് (കവടിയാർ) അവർകളുടെ ഭവനത്തിൽ പ്രാർത്ഥനാ കൂട്ടായ്മ നടത്തുകയുണ്ടായി.

ഒക്ടോബർ 5-ാം തീയതി സീനിയർ സിറ്റിസൺസ് ഞായറാഴ്ചയായി ആചരിച്ചു. പ്രഭാത ആരാധനകളിൽ എസ്.സി.എഫ് അംഗങ്ങൾ വിവിധ ഭാഗങ്ങൾ ഏറ്റെടുത്ത് നടത്തി. വൈകുന്നേരം നടന്ന സമാപന യോഗത്തിൽ ഡോ. ബിജു ജേക്കബ് ഐ.എ & എ.എസ് (അക്കൗണ്ടന്റ് ജനറൽ കേരള) മുഖ്യാതിഥിയായിരുന്നു. ഇതോടനുബന്ധിച്ച് 75 വയസ്സ് പൂർത്തിയാക്കിയ 16 പേരെ ആദരിച്ചു.

**പ്രൊഫ. രാജപ്രസാദ്**
ജനറൽ സെക്രട്ടറി

**മദൻ ദേവ്**
പ്രോഗ്രാം കോ-ഓർഡിനേറ്റർ

# വിശുദ്ധനാട് സന്ദർശനം

ജെ. ക്രിസ്തുദാസ്
(നുള്ളിയോട്ടിൽ, കവടിയാർ)

2013 ഒക്ടോബർ 11-ാം തീയതി ഇന്ത്യൻ സമയം രാവിലെ 11.15ന് എണ്ണരാജ്യമായ മസ്ക്കറ്റിലും ജോർദ്ദാന്റെ തലസ്ഥാനമായ അമ്മാനിലും എത്തി. ആ സമയത്ത് അവിടെ 4 മണിക്ക് കേരളത്തിൽ അനുഭവപ്പെടുന്ന വെയിൽ ഉണ്ട്. സമയങ്ങളിൽ രണ്ടര മണിക്കൂർ വ്യത്യാസം. കേരളത്തിൽ രാവിലെ 10 മണിയാകുമ്പോൾ അമ്മാനിലും ഇസ്രായേലിലും ഏഴര മണിയാകും. അമ്മാനിലെ ഒരു 4 സ്റ്റാർ ഹോട്ടലിൽ (ജെറുസലേം) താമസിച്ചു.

ഒക്ടോബർ 12. അമ്മാൻ ഒരു നല്ല സിറ്റിയാണ്. ഏഴ് മില്യൺ ജനങ്ങൾ. സെന്റ് ജോർജ്ജ് മൊസൈയിക് മാപ് ചർച്ച്, മദബ സന്ദർശിച്ചു. വെള്ളത്തിനായി യഹോവയുടെ നിർദ്ദേശപ്രകാരം മോശ പാറയിൽ ദണ്ഡ് കൊണ്ട് അടിച്ച സ്ഥലം കണ്ടു. ദൈവം മോശെയ്ക്ക് കനാൻ ദേശം കാണിച്ച സ്ഥലം കണ്ടു. അവിടെ മോശെയുടെ ഒരു വലിയ പ്രതിമ സ്ഥാപിച്ചിരിക്കുന്നു. പിച്ചള സർപ്പത്തിന്റെ പ്രതീകാത്മക രൂപം. ജോർദ്ദാന്റെയും ഇസ്രായേലിന്റെയും സംഗമസ്ഥാനത്ത് യോർദ്ദാൻ നദി ആരംഭിക്കുന്നു. ജോർദ്ദാൻ മുതൽ ഇസ്രായേൽ അതിർത്തിവരെ ലക്ഷക്കണക്കിന് ഹെക്ടർ സ്ഥലം പൂഴിമണൽ നിറഞ്ഞ് ഫലപുഷ്ടിയില്ലാത്തതായി കാണുന്നു. യോർദ്ദാൻ നദീതീരം മുതൽ നല്ല മണ്ണും വൻകൃഷിയും കാണുന്നു. ഞങ്ങൾ 46 ടൂറിസ്റ്റുകൾ ഇസ്രായേലിൽ പ്രവേശിച്ചു.

കന്യാമറിയത്തിന്റെ വീടും കിണറും കണ്ടു. വീടിരുന്ന സ്ഥലത്ത് ഒരു കത്തോലിക്കാ ദേവാലയം പണിഞ്ഞിരിക്കുന്നു. തിബരിയാസിൽ ഹോട്ടൽ കിംഗ് സോളമനിൽ താമസിച്ചു.

ഒക്ടോബർ 13. ഇസ്രായേൽ സന്ദർശനം തുടങ്ങി. യേശു വെള്ളം വീഞ്ഞാക്കിയ കാനാവിലെ കല്യാണവീട് കണ്ടു. ഇപ്പോൾ നല്ലൊരു പള്ളിയാണ് ഇവിടെ. പഴയ വീട്ടിലെ ചുവരിന്റെ ഭാഗങ്ങൾ ഇപ്പോഴും അങ്ങനെതന്നെ സൂക്ഷിച്ചിരിക്കുന്നു. ലൂക്കോസ് 1:26-28 പറഞ്ഞിരിക്കുന്ന മംഗളവാർത്താ പള്ളി കണ്ടു. വളരെ വലുതാണ് ഇത്. ഈ പള്ളിയോട് അടുത്ത് സെന്റ് ജോസഫ് പള്ളിയും കണ്ടു. മത്തായി 17-ാം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്ന താബോർ മല സന്ദർശിച്ചു. അവിടെ നിന്നാൽ സമരിയാ പർവ്വതവും ജൂഡയാ പർവ്വതവും കാണാം. ഗലീല കടൽ കണ്ടു. കുറുകേ മറുകരവരെ ബോട്ടിൽ സഞ്ചരിച്ചു. ആ പ്രദേശം തക്ഫാ എന്നറിയപ്പെടുന്നു. ആ ഭാഗത്ത് പത്രോസിനായിരുന്നു പരമാധികാരം. യേശു ഉയർത്തെഴുന്നേറ്റ ശേഷം ഗലീലാ തീരത്ത് ശിഷ്യന്മാരെ കണ്ടതും വല പ്രത്യേക സ്ഥലത്ത് വീശാൻ പറഞ്ഞും 153 വലിയ മീൻ വലയിൽപ്പെട്ടതുമായ സംഭവങ്ങൾ ഓർക്കുക.

യേശു ശപിച്ച കഫർന്നഹൂം, ബെത്സെയിദ, കോരസീൻ എന്നീ സ്ഥല ങ്ങൾ വഴി നമുക്ക് പോകാൻ കഴിയും. മത്തായി 11:20-24 - ഒരു മീൻ പിടിച്ച് കീറിയെടുത്ത നാണയം ചുങ്കമായി കൊടുക്കാൻ പറഞ്ഞ സ്ഥലം അവിടെയാ ണ്. മത്തായി 16:18-ൽ പറയുന്ന പത്രോസ് എന്ന പാറമേൽ പള്ളി പണിയു മെന്ന് പറഞ്ഞ സ്ഥലവും അവിടെയാണ്. ബെത്‌ലഹേമിലെ ഒരു ഹോട്ടലായ ഹോട്ടൽ ജെറുസലേമിൽ താമസിച്ചു.

ഒക്ടോബർ 14. ഇസ്രായേൽ രാജ്യത്തിന്റെ ശരിയായ തലസ്ഥാനം ജെറു സലേം. 8 മില്യൺ ജനങ്ങൾ. പക്ഷേ മറ്റുരാജ്യക്കാരുടെ എംബസികൾ എല്ലാം യു.എൻ. ഒ. നിർദ്ദേശപ്രകാരം അകലെ ഉത്തരഭാഗത്ത് ടെൽഅവീവിലാണ് സ്ഥിതി ചെയ്യുന്നത്.

മുൾമുടി തലയിൽ തറച്ചതും ചമ്മട്ടി കൊണ്ട് അടിച്ചതുമായ സ്ഥലത്ത് ഒരു പള്ളി പണിതിരിക്കുന്നു. ധാരാളം ആളുകൾ കൂട്ടംകൂട്ടമായി ഇവിടം സന്ദർശി ക്കുന്നു. കാൽവരിയിലേയ്ക്കുള്ള വഴിയിൽ യേശുക്രിസ്തു വീണ സ്ഥലത്തുവച്ച് കരഞ്ഞുകൊണ്ട് പുറകേ വന്ന സ്ത്രീകളെ എന്നെച്ചൊല്ലി കരയേണ്ട, നിങ്ങ ളേയും നിങ്ങളുടെ മക്കളേയും ചൊല്ലി കരയുക എന്ന് യേശു ഉപദേശിച്ച സ്ഥലം, വെറോണിക്ക - യേശുവിന്റെ നിണമണിഞ്ഞ മുഖം തൂവാല കൊണ്ട് ഒപ്പിയെടുത്തതായി വിശ്വസിക്കുന്ന സ്ഥലം, ക്രിസ്തുവിനെ ക്രൂശിച്ച സ്ഥലം, കല്ലറ എന്നിവ കണ്ടു. അന്ത്യഅത്താഴം, David's Tomb, Mother Mary's Tomb, St' Joseph's Statue തുടങ്ങിയവ കാണാൻ സാധിക്കും. അന്ന് ഹോട്ടൽ ഏഞ്ച ലിൽ താമസിച്ചു.

ഒക്ടോബർ 15. സ്നാപകയോഹന്നാന്റെ മാതാവായ എലീസബെത്തിന്റെ ഭവനംമാതാമറിയം സന്ദർശിച്ചത് യോഹന്നാൻ എലിസബെത്തിന്റെ ഗർഭത്തി ലായിരിക്കുന്ന അവസരത്തിൽ അവരെ ശുശ്രൂഷിക്കാനായിരുന്നു. ഞങ്ങളുടെ കൂടെയുണ്ടായിരുന്ന രണ്ട് കത്തോലിക്കാ പുരോഹിതന്മാർ കത്തോലിക്കാ ആരാധനാക്രമം പ്രകാരം അവിടെ ഒരു ആരാധന നടത്തി.

പെസഹ വ്യാഴായ്ച യേശുവിനെ ശാരീരികമായി തകർത്ത് രാത്രി 15 അടി യോളം താഴ്ചയുള്ള കുഴിപോലെയുള്ള ഗുഹയിലിട്ട സ്ഥലം കണ്ടു. പത്രോസ് യേശുവിനെ തള്ളിപ്പറഞ്ഞ സ്ഥലം കണ്ടു.

യേശു ശിഷ്യന്മാരെ 'സ്വർഗ്ഗസ്ഥനായ പിതാവേ' എന്ന പ്രാർത്ഥന പഠിപ്പിച്ച സ്ഥലം കണ്ടു. മോറിയ മലയിൽ അബ്രഹാം ഇസഹാക്കിനെ ബലികൊടു ക്കാൻ കൊണ്ടുപോയ സ്ഥലം കണ്ടു.

കെദ്രോൻ പ്രദേശം ഇതിനടുത്താണ്. ക്രിസ്ത്യാനികൾക്കും ജൂതന്മാർക്കും മുസ്ലീങ്ങൾക്കും അടുത്തടുത്ത് ആവശ്യമായ സ്ഥലം വേർതിരിച്ച് ഇട്ടിരിക്കു ന്നിടത്ത് അവർ ശവസംസ്ക്കാരം ചെയ്യുന്നു. ജെറുസലേമിൽ 8 മില്യൺ ജന ങ്ങളുണ്ട്. 60 ശതമാനം യെഹൂദന്മാർ, 20 ശതമാനം മുസ്ലീങ്ങൾ, ഒന്നേമുക്കാൽ ശതമാനം ക്രിസ്ത്യാനികൾ, ബാക്കിയെല്ലാവരും 18.25 ശതമാനം എന്നാണ് കണക്ക്. മുസ്ലീങ്ങൾ അധികം താമസിക്കുന്ന ജെറീഹോയിൽ പോയി. വലിയ

ഹോട്ടലുകൾ അവിടെ കണ്ടു. ചാവു കടൽ (Dead sea) കണ്ടു. അവിടുത്തെ ചെളി വാരി ശരീരത്തിൽ പൊരിയൽ ഉള്ളിടത്തൊക്കെ പൂശി. മണിക്കൂറുകൾ കഴിഞ്ഞ് കുളിക്കുന്നത് കണ്ടു. ഭക്ഷണാനന്തരം യാത്ര തുടർന്നു. ലാസറിന്റെ കല്ലറ കണ്ടു. Wailing Wall -ൽ (40 അടി പൊക്കമുള്ള കോട്ടയുടെ ചുവരിൽ) തല മുട്ടിച്ച് യെഹൂദന്മാർ പ്രാർത്ഥിക്കുന്നത് കണ്ടു. നശിച്ചുപോയ ജെറുസലേം ദേവാലം പുനർനിർമ്മിച്ച് കാണാൻ വേണ്ടിയാണ് യെഹൂദന്മാർ പ്രാർത്ഥിക്കുന്നത്.

ഒക്ടോബർ 16. ഇസ്രായേലിൽ നിന്ന് ആഫ്രിക്കയുടെ വടക്കേ അറ്റത്തെ ഒരു പ്രധാന രാജ്യമായ ഈജിപ്റ്റിലേക്ക് യാത്ര ആരംഭിച്ചു. മരുഭൂമിയിലൂടെ സഞ്ചരിച്ച് ഒരു പ്രധാന സ്ഥലമായ 'ഇലാദ'ിലെത്തി. ഒരു വശത്ത് ചെങ്കടലും (Red sea) അതിന്റെ തെക്കുഭാഗത്ത് സീനായി പർവ്വതവും (Sinai mountain) കിടക്കുന്നു. സീനായി പർവ്വതത്തിനും ചെങ്കടലിനും മദ്ധ്യേ വിശാലമായ റോഡും വളരെ വലിയ ഹോട്ടലുകളും ഉണ്ട്. ഞങ്ങൾ അന്ന് രാത്രി സൊണെസ്റ്റ ബീച്ച് റിസോർട്ടിൽ താമസിച്ചു. ആ സ്ഥലവും ഏഷ്യാ ഭൂഖണ്ഡത്തിലാണ്.

ഒക്ടോബർ 17. മോശെയുടെ കിണർ കണ്ടു. എരിയുന്ന മുൾപ്പടർപ്പ്, സെയിന്റ് കാതറിൻ മോണാസ്ട്രി, 10 കൽപ്പനാ ഫലകം, മോശ എറിഞ്ഞുടച്ച സ്ഥലം, അഹരോന്റെ കല്ലറ എന്നിവ കണ്ടു. അന്ന് ഹോട്ടൽ എക്സ്പീരിയൻസിൽ താമസിച്ചു.

ഒക്ടോബർ 18. ആഫ്രിക്കാ ഭൂഖണ്ഡത്തിൽ എത്തി. പ്രധാനരാജ്യമായ ഈജിപ്റ്റിന്റെ തലസ്ഥാനം കെയ്റോ ആണ്. കെയ്റോയിൽ എത്തുന്നത് മെഡിറ്ററേനിയൻ കടലിനും ചെങ്കടലിനും തമ്മിൽ യോജിക്കാൻ ഉണ്ടാക്കിയിരിക്കുന്ന സൂയസ് കനാൽ കടന്നാണ്. ആ കടത്ത് റെഡ് സീയുടെ അടിയിൽ കൂടിയാണ്. ഉദ്ദേശം 1 കിലോമീറ്റർ നീളത്തിൽ ഒരു സുന്ദരൻ റോഡുണ്ടാക്കിയിരിക്കുന്നു സമുദ്രത്തിന്റെ അടിയിൽ.

ഹോപ്സ്റ്റിക് പള്ളി കണ്ടു. കുഞ്ഞായിരുന്ന യേശുവും അമ്മ മറിയവും അച്ഛനായ ജോസഫും മിസ്രയീം ദേശത്തുള്ള ഈ സ്ഥലത്താണ് മൂന്നര വർഷം താമസിച്ചത്. Hanging Church, Golden Eagle Perfume തുടങ്ങിയവ കണ്ടു. ലോകത്തിലെ ഏറ്റവും നീളം കൂടിയ നൈൽ നദിയിൽ ബോട്ട് യാത്ര നടത്തി.

ഒക്ടോബർ 19. ഈജിപ്ഷ്യൻ മ്യൂസിയവും പിരമിഡുകളും കണ്ടു. ഏറ്റവും വലിയ പിരമിഡിന്റെ പൊക്കം 137 മീറ്ററാണ്. പപ്പെയിറസ് പേപ്പർ ഫാക്ടറി സന്ദർശിച്ചു. ഏറ്റവും നീളം കൂടിയ നൈൽ, സീനായി പർവ്വതം, സൂയസ് കനാൽ, Under Sea Road, മെഡിറ്ററേനിയൻ കടൽ എന്നിവ കണ്ടു. അമ്മാൻ നഗരം (ജോർദ്ദാന്റെ തലസ്ഥാനം) ആദ്യമായാണ് കണ്ടത്. ഒരു ദിവസം അവിടെ താമസിച്ചു. ഇസ്രായേൽ രാജ്യം ആദ്യം സന്ദർശിച്ചത് 15 വർഷം മുമ്പാണ് (1998-ൽ). വിശദമായി കണ്ടു. ഇപ്രാവശ്യം സമയക്കുറവ് കാരണം ടെൽ അവീവ് തുടങ്ങിയ പലസ്ഥലങ്ങളും കാണാൻ കഴിഞ്ഞില്ല. എന്നാലും ഇതൊരു അവിസ്മരണീയ യാത്രയായിരുന്നു.

## Allspice queen of spices

Dr. Thilaga Samson

Allspice or Jamaica Pepper tree is an aromatic tree which possesses mixed flavour of clove, cinna mmon, and nutmeg and hence the name Allspice. Scientifically it is known as Pimenta silica, coming under the natural order Myrtacea. An evergreen tree, indigenous to West Indies and Tropical America and grown in gardens in India. Dried berries are nearly globular, with a rough surface and a reddish brown colour. The berries are used as a condiment, as a flavouring ingredient in soups, sauces, pickles, canned meats, sausages etc.They are used in the liquor industry, especially as a favorite ingredient for mulled wines, and as a perfume in soap making. Allspice is used in medicine as an adjuvant to tonics and purgatives. Allspice owes its characteristic odour to the presence of an essential oil. The essential oil known as Pimenta Berry Oil is obtained by steam distillation. It contains eugenol as the principal constituent.

# Women's Fellowship

God Almighty has been leading and guiding us in successfully functioning throughout this year. Womens fellowship meetings are held regularly on Wednesdays at 4.30 pm and Sundays after the Malayalam service at KJM Hall. We could carry out a few charitable services this year with the sincere participation of our members. We conducted a sale in the month of May along with Family Week and raised Rs. 80,000 and this amount was utilized for meeting the needs of the following persons. As **Medical Help** Rs. 5,000 each to (1) Mr. Selvaraj, (2) Mrs. Emy Stephen, (3) Mrs. Matilda (Rs. 5,000 as housing aid), (4) Rs. 10,000 to Mrs. Stelal Albert, (5) Rs. 15,000 for Mrs. Lilly for roofing purposes, (6) Rs. 5,000 each to three persons as education help, (7) Rs. 10,000 was donated to CSI Mulayara retarded home during Family Week, (8) Rs. 10,000 each to two cancer patients, (9) Rs. 10,000 to a 10 year old boy Vijith for dialysis, (10) Rs. 10,000 for a poor girls wedding.

We are planning to conduct a home made snacks sale in the month of November to extend further assistance to the needy people during X'mas. We expect the support and help from all well wishers for our future endeavour and thank all those who has supported us in our ventures. Those who are not yet part of the Womens Fellowship Fraternity are requested to enroll as members. The annual subscription is Rs. 100.

**Salima Ben,** Secretary, Womens Fellowship

# Bible Quiz

Ajith Sen

We hope that all of you are reading the Bible to find answers to the questions, which is the motive behind this Bible Quiz. This month's questions are from the Book of Exodus (NIV), chapters 11 to 20. Kindly read these chapters before attempting the quiz. These chapters narrate the miraculous escape of Israelites from Egypt - the parting of the Red Sea, the journey to Mt. Sinai and God giving the Ten Commandments.

Please substantiate your answers by stating references (verse) from the Bible. Submit your answers written in either English or Malayalam before the 14th of this month either at the MM Church Office or email us at churchvoice@gmail.com.

1. Who plundered the Egyptians and when?
2. Why does the Lord say that Pharaoh will refuse to listen to Moses?
3. Who is our Banner?
4. How many years did the Israelites eat Manna?
5. Why was Mount Sinai covered with smoke?
6. How can you live long?
7. Who sang, "The Lord is a warrior"?
8. To whom does every firstborn male, human or animal, among the Israelites, belong?
9. How many from the Pharaoh's army survived the Red Sea?
10. Who is the second son of Moses?

**List of people who had submitted the right answers along with the reference**

1. E. H. Helen Saramma
2. Sumitha
3. Binil Winfred
4. Vathsala Lal
5. Annie Liz Manuel
6. Suvarna Yohannan
7. Shireen Evangeline Ross
8. Jolly Irene G.
9. Jennifer John
10. T. Dharmaraj
11. Soben S. L.
12. Reuben S. L.
13. Nirmala Jayakumar
14. Prof. Nesy Kuriakose
15. Preetha John
16. Lalitha Jacob
17. V. Grace Ammal
18. Mahil Ajith
19. Christina V. Daniel
20. Lilora P. R.
21. Valsa D. S.
22. J. Sumangala
23. Lalitha Grace Jayakumar
24. Premila Janelet Sylam
25. Amitha Solomon
26. Noel Edwin
27. Lena Edwin

**Correct answers to the quiz on Exodus 1 to 10**

1. Pharaoh 5:2
2. Frogs 8:3
3. Moses 7:1
4. Papyrus 2:3
5. Pithom and Rameses 1:11
6. Hand of Moses 4:6
7. Horeb 3:1
8. Into the Red Sea 10:19
9. Reuben 6:14
10. Goshen 9:26



എഡിറ്റോറിയൽ

# മൂല്യബോധമുള്ള ഒരു തലമുറ



നമ്മുടെ രാജ്യത്തെ കുട്ടികളോടും യുവതലമുറയോടും സംവാദിക്കുവാനായി കൂടുതൽ സമയം കണ്ടെത്തുന്ന ഒരു പ്രതിഭയാണ് മുൻരാഷ്ട്രപതി ശ്രീ. എ.പി.ജെ. അബ്ദുൾകലാം. നാട്ടിലുടനീളം സഞ്ചരിച്ച് പ്രസംഗങ്ങളിലൂടെയും അഭിമുഖസംഭാഷണങ്ങളിലൂടെയും കുട്ടികളിൽ ആത്മധൈര്യവും, യുവാക്കളിൽ തളരാത്ത പ്രതീക്ഷയും, ഭാരതപൗരന്മാർക്ക് വികസന സ്വപ്നവും അദ്ദേഹം നിരന്തരം നൽകുന്നു. കുട്ടികളും യുവാക്കളും ഇത്രയേറെ വചനങ്ങൾക്ക് കാതോർക്കുന്ന മറ്റൊരു പൊതുവ്യക്തിത്വം ഇന്ന് ഇന്ത്യയിൽ ഉണ്ടാകാനാനിടയില്ല.

ഒരിക്കൽ തമിഴ്നാട്ടിലെ ഡിണ്ഡിഗലിലുള്ള ഒരു സ്കൂൾ വാർഷികാഘോഷ പരിപാടിയിൽ പങ്കെടുത്തുകൊണ്ട് കലാം സംസാരിച്ചു. തുടർന്ന് കുട്ടികളുടെ ചോദ്യോത്തരവേളയിൽ രണ്ട് കുട്ടികൾ രണ്ട് വ്യത്യസ്ത ചോദ്യങ്ങൾ അദ്ദേഹത്തോടുന്നയിച്ചു. ഒരു കുട്ടി ചോദിച്ചു: 'ഞാൻ അങ്ങയുടെ ആത്മകഥ *അഗ്നിച്ചിറകുകൾ* (Wings of Fire) എന്ന പുസ്തകം വായിച്ചു. സ്വപ്നത്തെക്കുറിച്ച് അതിൽ അങ്ങ് എപ്പോഴും പറയുന്നുണ്ട്. എന്തിനാണ് സ്വപ്നം കാണുന്നത്?' കലാം മറുപടി പറഞ്ഞു: 'സ്വപ്നം കാണുക, സ്വപ്നം കാണുക, സ്വപ്നം കാണുക. ആ സ്വപ്നങ്ങൾ ചിന്തകളായി മാറും. ചിന്തകൾ നിങ്ങളെ പ്രവൃത്തിയിലേക്ക് നയിക്കും. കൂട്ടുകാരേ, സ്വപ്നം കാണാതിരുന്നാൽ വിപ്ലവകരമായ ചിന്തകൾ രൂപം കൊള്ളുകയില്ല. ചിന്തളില്ലെങ്കിൽ പ്രവർത്തനവുമില്ല. അതുകൊണ്ട് മാതാപിതാക്കളും അധ്യാപകരും കുട്ടികളെ സ്വപ്നം കാണാൻ അനുവദിക്കണം. സ്വപ്നങ്ങൾ സഫലമാക്കാനുള്ള ശ്രമമാകട്ടെ നമ്മുടെ ജീവിതം.'

അടുത്ത കുട്ടി ചോദിച്ചു: 'ആരാണ് സർ, ലോകത്തെ ആദ്യത്തെ ശാസ്ത്രജ്ഞൻ?' കലാമിന്റെ മറുപടി രസകരമായിരുന്നു: 'സ്വപ്നം കണ്ട ഏതോ കുട്ടി.' ഉത്തരം കേട്ട് കുട്ടികൾ ചിരിച്ച് കൈയ്യടിച്ചു. കലാം തുടർന്ന് മാതാപിതാക്കളോടും അധ്യാപകരോടും പറഞ്ഞു: 'കുട്ടികൾ സ്വപ്നം കാണട്ടെ, നിങ്ങൾ ആ സ്വപ്നങ്ങൾ എന്തെന്ന് തിരിച്ചറിയുക. എന്നിട്ട് സാവകാശം സ്വപ്നവും യാഥാർത്ഥ്യവും തമ്മിലുള്ള അകലം അവരെ ബോധ്യപ്പെടുത്തുക. ആ അകലം നടന്നുതീർക്കുവാനുള്ള വഴികളിലേക്ക് സഞ്ചരിക്കുവാൻ അവരെ പാകപ്പെടുത്തുക. അവർ പുതിയ സമൂഹത്തിന്റെ സൃഷ്ടാക്കളാകും.' ഈ വാക്കുകൾ നമുക്ക് പ്രചോദനമാകട്ടെ.

നമ്മുടെ കുട്ടികളെക്കുറിച്ച് നമുക്ക് ഒട്ടേറെ സ്വപ്നങ്ങളും പ്രതീക്ഷകളുമുണ്ട് – അവരുടെ വിദ്യാഭ്യാസം, ജോലി, ഭാവി എന്നിവയെപ്പറ്റിയൊക്കെ. എന്നാൽ ഇതിനെല്ലാം ഉപരിയായി നമ്മുടെ കുട്ടികൾ ദൈവവുമായുള്ള ബന്ധ

ത്തിൽ വളരണമെന്ന് നാം ആഗ്രഹിക്കുന്നുണ്ടോ? അതിനായി നാം അവരെ പ്രോത്സാഹിപ്പിക്കാറുണ്ടോ? **അനുനിമിഷം മാറിക്കൊണ്ടിരിക്കുന്ന ഈ ലോകത്തിൽ മാറ്റമില്ലാത്ത ഒന്നേയുള്ളൂ - അത് ദൈവവചനമാണ്.** കുട്ടികളോടുള്ള നമ്മുടെ ഏറ്റവും വലിയ കടമ അവർക്ക് ദൈവവചനം വഴികാട്ടിയായി നൽകുക എന്നതാണ്. 'A relationship with God is the most important relationship you can have. Trust Him and everything will always turnout fine.'

ദൈവത്തിന്റെ ലോകത്തിൽ ദൈവജനമായി ഇരിക്കേണ്ടതെങ്ങനെയെന്ന് ദൈവവചനം നമ്മെ പഠിപ്പിക്കുന്നു (Being God's people in God's world). വളർന്നുവരുന്ന നമ്മുടെ കുട്ടികളെ വേദപുസ്തകവായന, പ്രാർത്ഥന, സഭയിലെ ആരാധന, സണ്ടേസ്കൂൾ എന്നിവയുമായി ശക്തമായി ബന്ധപ്പെടുത്തിയാൽ അവരിൽനിന്ന് നല്ല ഫലം പുറപ്പെടും. **ഇന്ന് ലോകത്തിനാവശ്യം കഴിവുള്ളവരെയല്ല, മറിച്ച് കഴിവുകൾ ലോകത്തിന്റെ നന്മയ്ക്കായി വിനിയോഗിക്കുന്നവരെയാണ്.**

കുട്ടികൾക്ക് പ്രാധാന്യം നൽകുന്ന മാസമാണ് നവംബർ. **അഖിലലോക സണ്ടേസ്കൂൾ ദിനം** ആചരിക്കുന്നത് നവംബർ ആദ്യ ഞായറാഴ്ചയാണ്. നവംബർ 14 ശിശുദിനമാണ്. നവംബർ 19 ശിശുഅവകാശ ദിനമാണ്. കുട്ടികൾ ഭാവിയുടെ വാഗ്ദാനമാണ്. നമ്മുടെ കുട്ടികൾക്ക് ഭൗതിക ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുന്നതോടൊപ്പം ദൈവത്തേയും നൽകുവാൻ നമുക്ക് കഴിയണം. മൂല്യങ്ങൾ പകർന്നുനൽകണം. മൂല്യബോധമുള്ള ഒരു തലമുറ - അതാകട്ടെ നമ്മുടെ ലക്ഷ്യം.

**ആർ. സാജൻ സാംസൺ**
sajansamson@hotmail.com

**Crossed Jordan to be with the Lord**

| Sl.No | Family No | Member | |
|---|---|---|---|
| 1 | 351 | **Helen Azariah**<br>Georgia Villa,Jawahar Nagar,TVM 3<br>**Died on:- 18-09-2014** |  |
| 2 | 2043 | **Vinod V S**<br>Flat No EF7/305,Pandits Colony,Kowdiar<br>**Died on:- 09-10-2014** |  |
| 3 | 502 | **Flora Rose A**<br>Krupa,TC 14/1257,OHRA A8,Willingdon Avenue, Palayam,TVM 33<br>**Died on:- 09-10-2014** |  |
| 4 | 2057 | **Rajan V N**<br>HsNo-C 3,C Lane, Chalakuzhy<br>**Died on:- 15-10-2014** |  |

## 2nd Death Anniversary

22 Nov, 2014



# SOMA SUSEELAN L.

*Inserted by:*
*Wife, children & grand children*

## 9th Year with the Lord



**Ebenezer Nehemiah**
(1934 - 2005)

**Tis but a sleep and Sion's king**
**Will call the many dead**
**Tis but a sleep and then we sing,**
**O'er dreams of sorrow fled**

Mathini Ebenezer
Manoj Ebenezer & Shiny
Sindhu Ebenezer & Dharmaraj
Rekha Ebenezer & Ross Fenn
Alan, Ann; Priya, Prannoy; Julia, Ron




Grace Printers, Muttada 2540523